I ഇ.ബി. XII-കേരള നിയമസഭ/II-3

**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2006 സെപ്റ്റംബർ 20, ബുധൻ

നിയമസഭ രാവിലെ 8-30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധ ക്ഷണിക്കൽ**

(1) കൈനൂരിലെ പന്നിവളർത്തൽ കേന്ദ്രംമൂലം തദ്ദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശൂർ കൈനൂരിലെ പന്നിവളർത്തൽ കേന്ദ്രം വാണിജ്യ വ്യവസായ സംരംഭമായി വിപുലീകരിച്ചതോടെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സംജാതമായിരിക്കുന്നു. 600 പന്നികളെ വളർത്താൻ മാത്രം സൗകര്യമുള്ള പ്രസ്തുത കേന്ദ്രത്തിൽ ഏതാണ്ട് ആറായിരത്തോളം പന്നിക്കുഞ്ഞുങ്ങളെ വളർത്തുന്നതിലൂടെ അവിടെ നിന്നുമുണ്ടാകുന്ന മാലിന്യങ്ങൾമൂലം പരിസരത്ത് താമസിക്കുന്ന പട്ടികജാതി കോളനി നിവാസികൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഗൗരവമായ ഈ വിഷയം സംബന്ധിച്ച് ബന്ധപ്പെട്ടവർക്ക്

നിവേദനങ്ങൾ നൽകുകയും രാഷ്ട്രീയത്തിനതീതമായ സമര പരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. മേധാ പഢ്ക്കർ, വിവിധ രാഷ്ട്രീയ കക്ഷികൾ എന്നിവരുടെ ഇടപെടലിലൂടെ യു.ഡി.എഫ്. ഗവണ്മെന്റ് ചില തീരുമാനങ്ങളെടുത്തുവെങ്കിലും ആത്യന്തികമായ പരിഹാരം കാണാത്ത സ്ഥിതിവിശേഷമാണുണ്ടായത്. സാംസ്ക്കാരിക നായകൻ ഡോ. സുകുമാർ അഴിക്കോട് നിരാഹാര സമരവുമായി മുന്നോട്ടുവന്നപ്പോൾ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയും തദ്ദേശവാസികളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ചില തീരുമാനങ്ങളെടുക്കുകയും ചെയ്തു. പന്നിവളർത്തൽ കേന്ദ്രം അവിടെനിന്നും മാറ്റി അനുയോജ്യമായ മറ്റൊരിടത്ത് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടുപിടിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുകയും മറ്റൊരിടത്തേയ്ക്ക് ആ കേന്ദ്രം മാറ്റുന്നതുവരെ യാതൊരു വിപുലീകരണ പ്രവർത്തനവും നടത്തുകയില്ലെന്ന് തീരുമാനിക്കുകയും ചെയ്തതോടെയാണ് ഡോ. സുകുമാർ അഴിക്കോട് നിരാഹാര സമരം അവസാനിപ്പിച്ചത്. ഒന്നുരണ്ടു തവണ ആ കമ്മിറ്റിയുടെ യോഗം ചേർന്നപ്പോഴേയ്ക്കും പുതിയ ഗവണ്മെന്റ് അധികാരത്തിൽ വന്നു. തദ്ദേശവാസികൾക്ക് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നമുണ്ടാക്കുന്ന പന്നിവളർത്തൽ കേന്ദ്രം അവിടെ നിന്നും മാറ്റുന്നതു സംബന്ധിച്ചുള്ള തീരുമാനമെടുക്കാതെ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിന് ക്രിയാത്മകമായ സമീപനം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പൊതുജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി

ബാധിക്കുന്ന പ്രശ്നമാണിത്. ഈ പന്നിവളർത്തൽ കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചത് 1999–ലാണ്. പൊലൂഷൻ കൺട്രോൾ ബോർഡ് രണ്ട് തവണ അവിടെ പരിശോധന നടത്തുകയും അവരുടെ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ അഫ്ളുവന്റ് പ്ളാന്റ് സ്ഥാപിക്കുകയും ജലപരിശോധന നടത്തുകയും ചെയ്തു. ഇതു സംബന്ധിച്ച് അന്നത്തെ സ്പീക്കറുടെ ചേമ്പറിൽ നടത്തിയ കോൺഫറൻസിൽ അനുയോജ്യമായ വേറെ ഏതെങ്കിലും സ്ഥലം കണ്ടുപിടിക്കണമെന്ന തീരുമാനമാണുണ്ടായത് അനുയോജ്യമായ ഒരു സ്ഥലവും ഇതുവരെ ചൂണ്ടിക്കാണിച്ചിട്ടില്ല. ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗവണ്മെന്റ് മുന്നോട്ടുപോവുകയാണ്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): അത്യന്തം പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണിത്. മേധാ പഠ്ക്കറും ഡോ. സുകുമാർ അഴിക്കോടും ഇടപെട്ട ഈ പ്രശ്നത്തെ ഞാനും സപ്പോർട്ട് ചെയ്തിരുന്നു. വിവാദപരമായ പ്രശ്നത്തിലേയ്ക്ക് ഇതിനെ എത്തിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നില്ല. കഴിയുന്നത്ര വേഗം ആ സ്ഥാപനം അവിടെനിന്ന് മാറ്റി ജനങ്ങൾക്ക് ദ്രോഹമുണ്ടാകാത്ത വിധത്തിൽ മറ്റെവിടെയെങ്കിലും സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്. ജനങ്ങളുടേയും പ്രതിപക്ഷത്തിന്റേയും സഭയുടേയും വികാരം മനസ്സിലാക്കി ജനങ്ങൾക്ക് ക്ളേശമുണ്ടാക്കാതെ എത്രയും പെട്ടെന്ന് അതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

### (2) നെൽവയൽ നികത്തുന്നതും കൃഷിഭൂമി തരിശിടുന്നതുംമൂലമുള്ള പ്രതിസന്ധി

ശ്രീ. എൻ. രാജൻ: സംസ്ഥാനത്ത് വൻതോതിൽ നെൽവയൽ നികത്തുന്നതുകൊണ്ടും കൃഷിഭൂമി തരിശിടുന്നതുകൊണ്ടും കാർഷിക–

തൊഴിൽ മേഖലകൾ ഗുരുതരമായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നു. കേരളത്തിലെ നെൽക്കൃഷി സംരക്ഷിച്ചില്ലെങ്കിൽ വലിയ പ്രത്യാഘാത ങ്ങളുണ്ടാകും. നെൽപ്പാടങ്ങൾ നികത്തുന്നതിലൂടെ ലക്ഷക്കണക്കിന് കർഷകത്തൊഴിലാളികൾ തൊഴിൽരഹിതരായിത്തീർന്നിരിക്കുന്നു. നെൽ ക്കൃഷി നഷ്ടമാണെന്ന വാദമുന്നയിച്ച് നെൽപ്പാടങ്ങൾ നികത്തുന്നതിലൂടെ നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുന്നു. കേരളത്തിലെ രൂക്ഷമായ ഭക്ഷ്യ പ്രതിസന്ധിക്കും തൊഴിലില്ലായ്മയ്ക്കും പ്രകൃതി ദുരന്തങ്ങൾക്കും പരിഹാരം കാണാൻ കാർഷിക വികസന നയം നടപ്പിലാക്കണം. ഭൂ വിനിയോഗ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണം. നെൽപ്പാടങ്ങൾക്കുചുറ്റും 'പ്രൊട്ടക്ടഡ് ഏരിയ' എന്നും 'നിയമം ലംഘിക്കുന്നവർ ശിക്ഷാർഹരാണ്' എന്നുമുള്ള സർക്കാർ വക ബോർഡുകൾ സ്ഥാപിക്കണം. നെൽവയലുകൾ സംരക്ഷണമേഖലയായി പ്രഖ്യാപിക്കണം. എല്ലാ പാടശേഖരങ്ങളിലും ഇരുപ്പൂകൃഷി നടത്താൻ തയ്യാറാകണം. നെല്ലിന് സംഭരണവില പ്രഖ്യാപിച്ച് സർക്കാർ സ്ഥാപനംവഴി സംഭരിക്കണം. നെൽപ്പാടങ്ങളോടുചേർന്ന കടലോരങ്ങളിൽ റിസോർട്ട് പണിതും നിലം കവർന്നെടുത്തും പരിസ്ഥിതിക്ക് നാശം വരുത്തുന്നത് തടയണം. തദ്ദേശഭരണ സ്ഥാപനങ്ങളെക്കൊണ്ട് തരിശ് നിലം ഏറ്റെടുത്ത് കൃഷി ചെയ്യിപ്പിച്ച് ഉടമകൾക്കും തൊഴിലാളികൾക്കും ആനുപാതികമായി ആദായം നൽകണം. നിലം കുഴിച്ച് മണ്ണെടുക്കുന്നതും നിലം നികത്തുന്നതും നിരോധിക്കാൻ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന് കർശന നിർദ്ദേശം നൽകണം. 'ഗാലസ' പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കണം. വിത്തും വളവും സൗജന്യ നിരക്കിൽ കൃഷിക്കാർക്ക് വിതരണം ചെയ്യണം.

കർഷകത്തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കണം. ഉൽപ്പാദനം, വിപണനം എന്നിവയ്ക്കുവേണ്ടി പാഡി ബോർഡ് രൂപീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : കേരളത്തിൽ മറ്റ് വിളകളെ അപേക്ഷിച്ച് നെൽക്കൃഷിക്ക് ലഭിക്കുന്ന കുറഞ്ഞ വരുമാനം, വിളവെടുപ്പിനും കൃഷി ആവശ്യങ്ങൾക്കും തൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട്, നെൽപ്പാടം നികത്തുക, ജലസേചന സൗകര്യങ്ങളുടെ കുറവ് തുടങ്ങിയ കാരണങ്ങളാൽ നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞു വരികയാണ്. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും കർഷകരെ നെൽക്കൃഷിയിലേയ്ക്ക് ആകർഷിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കൃഷി വകുപ്പ് വിവിധ നെൽക്കൃഷി വികസന പദ്ധതികൾ ആവിഷ്ക്കരിച്ചുവരുന്നു. തരിശ് പാടങ്ങൾ കൃഷിക്ക് ഉപയോഗിക്കുന്നതിനായി തരിശുഭൂമിക്കൃഷി എന്ന പദ്ധതി 2005–06 സാമ്പത്തികവർഷം മുതൽ കൃഷി വകുപ്പ് നടപ്പാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം 6500 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിടുകയും ഹെക്ടർ ഒന്നിന് 5000 രൂപ ധനസഹായമായി നൽകുകയും ചെയ്തിട്ടുണ്ട്. നെൽപ്പാടങ്ങൾ തരിശിടുന്നതും നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും തടയുന്നതിന് കേരള ഭൂ വിനിയോഗ നിയമം കർശനമായി നടപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർക്കും ആർ.ഡി.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. തരിശിടുന്ന ഭൂമി മൂന്ന് വർഷത്തേയ്ക്ക് കൃഷി ചെയ്യുന്നതിന് പരസ്യമായി ലേലം ചെയ്ത് കൊടുക്കാവുന്നതാണ്. തുടർച്ചയായി മൂന്ന് വർഷം കൃഷി ചെയ്തിരുന്ന ഭക്ഷ്യവിളകൾ മാറ്റി മറ്റ് വിളകൾ കൃഷി ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണം. വാണിജ്യാ വശ്യങ്ങൾക്ക് ഭൂമി പരിവർത്തനം ചെയ്യുന്നത് നിരുൽസാഹപ്പെടുത്തണമെന്ന്

സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സ്വന്തമായി കര ഭൂമി ഇല്ലാത്ത 5 സെന്റോ അതിൽ താഴെയോ നിലം കൈവശമുള്ളവർക്ക് വീട് നിർമ്മിക്കുന്നതിന് മാത്രം 5 സെന്റുവരെ നിലം നികത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നിരവധി പേർ 5 സെന്റ് വീതം തിരിച്ച് നിലം നികത്തുന്നുണ്ട്. നിയമം നിലനിൽക്കുമ്പോൾത്തന്നെ വാണിജ്യപരവും മറ്റ് ആവശ്യങ്ങൾക്കുമായി വൻതോതിൽ കൃഷിഭൂമി തരംമാറ്റുന്നു. കേരള ഭൂവിനിയോഗ നിയമത്തിലെ എല്ലാ പഴുതുകളും അടച്ച് നിയമം കർശനമായി നടപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്. കൂടാതെ 1955-ലെ എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് സെക്ഷൻ 12(എ) പ്രകാരം കേരള ഭൂ വിനിയോഗ നിയമത്തിന്റെ പരിധിയിൽവരുന്ന കുറ്റങ്ങളുടെ വിചാരണ ത്വരിതപ്പെടുത്തുന്നതിന് ഒരു പ്രത്യേക കോടതി സ്ഥാപിച്ചിട്ടുണ്ട്. കാർഷിക യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ 'ഗാലസ പദ്ധതി' നടപ്പാക്കാൻ നടപടി സ്വീകരിക്കും. നെൽ വികസന സമിതികൾ പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**<u>സബ്മിഷൻ</u>**

(1) <u>കാലവർഷക്കെടുതിക്കിരയായ തീരദേശവാസികൾക്ക് നഷ്ടപരിഹാരം</u>

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u>: സംസ്ഥാനത്തൊട്ടാകെ കാലവർഷക്കെടുതി മൂലം 150 പേർ മരിക്കുകയും 5000 വീടുകൾ പൂർണ്ണമായും 15000 വീടുകൾ ഭാഗികമായും നശിക്കുകയും ചെയ്തു. ഇതിന് ഗവൺമെന്റ് പ്രഖ്യാപിച്ച നഷ്ടപരിഹാരത്തുകയ്ക്ക് ലഭ്യമായ അപേക്ഷകളിന്മേൽ റവന്യൂ അധികൃതർ വേണ്ട രീതിയിൽ തീരുമാനം എടുത്തിട്ടില്ല എന്ന പരാതിയുണ്ട്. തിരുവനന്തപുരം ജില്ലയിൽ 100-ഓളം വീടുകൾ പൂർണ്ണമായും 1500-ഓളം

വീടുകൾ ഭാഗികമായും തകർന്നു. കടലാക്രമണംമൂലം 40–ഓളം പേരുടെ പുരയിടവും 15,00,000–ഓളം രൂപയുടെ മൽസ്യബന്ധനോപകരണങ്ങളും നശിച്ചു. പൂന്തുറയിൽ 200 കുടുംബങ്ങൾ ഇന്ന് കടലാക്രമണ ഭീഷണിയെ നേരിടുകയാണ്. അവരെ മാറ്റിപ്പാർപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തീരപ്രദേശങ്ങളിൽ 67 വീടുകൾ പൂർണ്ണമായും 1195 വീടുകൾ ഭാഗികമായും തകർന്നു. നാൽപ്പതോളം പേരുടെ പുരയിടവും 9,96,000 രൂപയുടെ മൽസ്യബന്ധനോ പകരണങ്ങളും കടലാക്രമണത്തിൽ നഷ്ടപ്പെട്ടു. ഗവൺമെന്റ് നോംസ് അനുസരിച്ച് വീട് പൂർണ്ണമായി തകർന്നവർക്ക് 15,000 രൂപയും ഭാഗികമായി തകർന്നവർക്ക് 5,000 രൂപയുംവച്ച് വിതരണം ചെയ്തു. കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിലുള്ളവരെ സ്ഥിരമായി മാറ്റി താമസിപ്പിക്കുന്നതിനായി 4 സെന്റ് സ്ഥലത്ത് മൂന്ന് ലക്ഷത്തോളം രൂപ ചെലവിൽ 17,000 വീടുകൾ നിർമ്മിച്ച് നൽകേണ്ടതുണ്ട്. പൂന്തുറയിൽ 176 വീടുകൾ നിർമ്മിക്കണം. പൂന്തുറയ്ക്കാണ് മുൻഗണന നൽകുന്നത്. ഗവൺമെന്റ് പണം കൊടുത്ത് സ്ഥലം വാങ്ങി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വീടുവച്ചു കൊടുക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. നായരമ്പലം (എറണാകുളം), എടവിലങ്ങ് (കൊടുങ്ങല്ലൂർ), നാട്ടിക തുടങ്ങിയ സ്ഥലങ്ങളും പരിഗണിക്കും. ഇത് സംബന്ധിച്ച് ഡിമാന്റ് ചർച്ചയിൽ വിശദമാക്കുന്നതാണ്.

(2) മഹിളാ സ്വസ്ത് സംഘ് പ്രവർത്തകർക്ക് ഓണറേറിയം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : പി.എച്ച്.സി.യുടെ കീഴിൽ സാമൂഹ്യ സേവകരായി മഹിളാ സ്വസ്ത് സംഘ് എന്ന പേരിൽ ഒരു ലക്ഷത്തിലേറെ സ്ത്രീകളെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. 14 ജില്ലകളിലായി ഇത്തരം 3420–ഓളം

യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവർക്ക് ഓണറേറിയം കൊടുക്കാനുള്ള പദ്ധതിയുണ്ടെങ്കിലും അത് ലഭിക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി സ്ഥിരമായി ഓണറേറിയം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 1990–91 കാലഘട്ടത്തിൽ കേരളത്തിൽ പ്രവർത്തനം ആരംഭിച്ച മഹിളാ സ്വസ്ത് സംഘിന്റെ കീഴിൽ 3420 യൂണിറ്റുകൾ ഉണ്ട്. ഇവർ മാതൃശിശു വിഭാഗത്തിൽപ്പെട്ടവരുടെ രോഗ കാര്യങ്ങളിൽ ഇടപെട്ട് ആവശ്യമായ ഉപദേശവും നിർദ്ദേശവും സഹായവും നൽകുന്നു. എല്ലാപേർക്കും ഓണറേറിയം കൊടുക്കുന്നതിന് ആവശ്യമായ ഫണ്ട് ഇല്ല. തുക ആവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് ഒരു പ്രോജക്ട് നൽകുന്നതോടൊപ്പം സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുത്ത് അവരെ സഹായിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നതാണ്.

### (3) നെടുമങ്ങാട് താലൂക്കാശുപത്രിയിൽവച്ച് ബിന്ദു എന്ന യുവതി മരിക്കാനിടയായ സാഹചര്യം

ശ്രീ. ജി കാർത്തികേയൻ: പ്രസവ ചികിൽസക്കായി നെടുമങ്ങാട് ആശുപത്രിയിൽ 15–ാം തീയതി പ്രവേശിപ്പിക്കപ്പെട്ട നെടുമങ്ങാട് താലൂക്കിലെ പനവൂർ വില്ലേജിൽ പേരയം എന്ന സ്ഥലത്തെ സണ്ണിയുടെ ഭാര്യ ബിന്ദു മതിയായ ചികിൽസ കിട്ടാതെ 18–ാം തീയതി മരണപ്പെട്ടതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): നെടുമങ്ങാട് താലൂക്കിൽ പട്ടികജാതിയിൽപ്പെട്ട

28 വയസ്സുള്ള സ്ത്രീ പ്രസവത്തെത്തുടർന്ന് മരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് അന്വേഷിച്ച് എത്രയും പെട്ടെന്ന് റിപ്പോർട്ട് നൽകാൻ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടിയശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(4) പട്ടാമ്പി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ശോച്യാവസ്ഥ

ശ്രീ. സി. പി. മുഹമ്മദ്: പട്ടാമ്പി നിയോജകമണ്ഡലത്തിലെ പട്ടാമ്പി–കുളപ്പുള്ളി, പട്ടാമ്പി–പുലാമന്തോൾ, പട്ടാമ്പി–ആമയൂർ എന്നീ റോഡുകളുടെ ടെണ്ടർ കഴിഞ്ഞതാണ്. എത്രയുംവേഗം പണി പൂർത്തിയാക്കി ജനങ്ങളെ യാത്രാദുരിതത്തിൽനിന്ന് രക്ഷിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. റ്റി.യു. കുരുവിള): കുളപ്പുള്ളി–പട്ടാമ്പി റോഡിന്റെ പ്രവൃത്തി ചെയ്യുന്നതിനായി 69 ലക്ഷം രൂപയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. എത്രയുംവേഗം പണി പൂർത്തീകരിക്കുന്നതാണ്. പട്ടാമ്പി–ആമയൂർ റോഡിന്റെ റീ–ടാറിംഗിനായി 12 ലക്ഷം രൂപയുടെ ടെണ്ടർ വിളിച്ചിട്ടുണ്ട്. ഡിസംബറിന് മുമ്പ് പണി പൂർത്തീകരിക്കുന്നതാണ്. പട്ടാമ്പി–പുലാമന്തോൾ റോഡിന്റെ പ്രവൃത്തിക്ക് 57 ലക്ഷം രൂപയുടെ എഗ്രിമെന്റ് വച്ചിട്ടുണ്ട്. മെറ്റൽ സപ്ളൈ തുടങ്ങിയാൽ എത്രയും വേഗം പണി പൂർത്തീകരിക്കുന്നതാണ്.

(5) കാസർകോട് ജില്ലയിലെ മൂന്നാംകടവ് ജലസേചന പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത.

ശ്രീ. കെ.വി. കുഞ്ഞിരാമൻ: ഹോസ്ദുർഗ്ഗ് താലൂക്കിലെ ചന്ദ്രഗിരിപ്പുഴ യുടെ ഇരുകരകളിലും സ്ഥിതി ചെയ്യുന്ന പത്ത് പഞ്ചായത്തുകളിലെ ജനങ്ങളുടെ കുടിവെള്ളത്തിന് ശാശ്വത പരിഹാരം കാണാൻ കഴിയുന്നതും ടൂറിസം, ഉൾനാടൻ മൽസ്യബന്ധനം, വൈദ്യുതോൽപ്പാദനം എന്നിവ

യ്ക്കായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നതുമായ മൂന്നാംകടവ് ജലസേചന പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം അടിയന്തിരമായി വിളിച്ചുകൂട്ടണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): ചന്ദ്രഗിരിപ്പുഴയിൽ ആറാട്ടുകടവിൽ ഒരു സ്ട്രെയിറ്റ് ഗ്രാവിറ്റി ഡാം നിർമ്മിച്ച് 8065 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനുവേണ്ടി വിഭാവന ചെയ്യുന്ന മൂന്നാംകടവ് പദ്ധതി സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. പ്രത്യേക പരിഗണന നൽകി പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആലോചിക്കുന്നതിന് ഉന്നതതല യോഗം വിളിച്ചുചേർക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്.

(6) സർവ്വശിക്ഷാ അഭിയാൻ പദ്ധതി

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: 2006-07 സാമ്പത്തിക വർഷത്തിൽ എസ്.എസ്.എ.-യുടെ സംസ്ഥാന വിഹിതത്തിൽ ആദ്യ ഗഡുവായ 10 കോടി രൂപയെങ്കിലും നൽകിയാൽ മാത്രമേ കേന്ദ്ര ഗഡു ലഭിക്കുകയുള്ളൂ. ജോയിന്റ് അക്കൗണ്ടുകളുടെ ആഡിറ്റ് നടത്താനാവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കാനും ഡെപ്യൂട്ടേഷനുപകരം കോൺട്രാക്ട് ബേസിസിലുള്ള നിയമനം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കണം. സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർമാരെ കേന്ദ്ര ഗവണ്മെന്റ് പറഞ്ഞിട്ടുള്ള യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിക്കണം. എസ്.എസ്.എ.-യുടെ ഭാഗമായി വിതരണം ചെയ്തിരുന്ന ശ്രവണ സഹായിയുടേയും കണ്ണടയുടേയും ഗുണമേന്മ ഉറപ്പുവരുത്തുന്ന വിധത്തിൽ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): തെറ്റായ സാമ്പത്തിക-വിദ്യാഭ്യാസ നയം പിൻതുടർന്നതിന്റെ ഭാഗമായി 14 വയസ്സു വരെയുള്ള കുട്ടികൾക്ക് സൗജന്യവും സാർവ്വത്രികവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം നൽകണമെന്ന ലക്ഷ്യത്തോടുകൂടിയാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ സർവ്വശിക്ഷാ അഭിയാൻ പദ്ധതി കൊണ്ടുവന്നത്. ഈ പദ്ധതി കേരളത്തിന് അനുയോജ്യമായ വിധത്തിൽ പുന:സംഘടിപ്പിച്ച് കൂടുതൽ ഫലപ്രദമായി നടപ്പാക്കാൻ വേണ്ട നടപടികൾ ഗവണ്മെന്റ് കൈക്കൊള്ളുന്നതാണ്. സംസ്ഥാന വിഹിതം പൂർണ്ണമായി ഉൾപ്പെടുത്തി കേന്ദ്ര വിഹിതം നേടിയെടുക്കാൻ ഗവണ്മെന്റ് പരിശ്രമിക്കും. ഡെപ്യൂട്ടേഷൻ നിയമനം സമയബന്ധിതമായി നടപ്പാക്കാനും സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുമായി ബന്ധപ്പെട്ട് ജോലി ചെയ്തിരുന്നവർക്ക് പെൻഷൻ കിട്ടാനുമുള്ള നടപടികൾ സ്വീകരിക്കും. യോഗ്യരായവരെ പ്രോഗ്രാം ഓഫീസറായി നിയമിക്കും.

(7) കേബിൾ ടി.വി. വ്യവസായത്തിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള ആഡംബര നികുതി.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: 35,000-ത്തോളം ആളുകൾ തൊഴിൽ ചെയ്യുന്നുവെന്ന് കണക്കാക്കുന്ന കേബിൾ ടി.വി. രംഗത്ത് ചെലവുകളിൽ കുതിച്ചുകയറ്റമുണ്ടായിട്ടുണ്ടെങ്കിലും കേന്ദ്ര ഗവണ്മെന്റ് ചുമത്തിയിട്ടുള്ള സേവന നികുതി വരിക്കാരിൽനിന്ന് പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ പ്രാദേശിക നെറ്റ് വർക്ക് എന്നുള്ള പരിഗണന കണക്കിലെടുത്ത് ആഡംബര നികുതി ചുമത്താനുള്ള നിർദ്ദേശം പിൻവലിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്): ഭരണഘടനയിലെ ഏഴാം ഷെഡ്യൂളിൽ 62–ാം എൻട്രി പ്രകാരം ഇത്തരം മേഖലകളിൽ കേന്ദ്ര ഗവൺമെന്റ് സർവ്വീസ് ടാക്സ് ചുമത്തിക്കൊണ്ടിരിക്കുകയാണ്. അത് പൂർണ്ണമായി വേണ്ടെന്നു വയ്ക്കാൻ പറ്റില്ല. ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുകയെന്നുള്ളത് പരിശോധിച്ച്, നികുതി പുറത്തുപോകാതെ, ചില പ്രായോഗികമായ നിലപാടുകൾ സ്വീകരിക്കേണ്ടിവരും. അതിനെ സംബന്ധിച്ച് ഫിനാൻസ് ബില്ലിന്റെ ചർച്ചയിൽ തീരുമാനമെടുക്കാം.

(8) പട്ടയം ലഭിക്കാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ.

ശ്രീ. കെ. പി. മോഹനൻ: തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ വാഴമല, നരിക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ അറുന്നൂറിൽപ്പരം കർഷകർ കുടിയിറക്ക് ഭീഷണി നേരിടുകയാണ്. അവർക്ക് പട്ടയം ലഭിക്കാനും നികുതി അടയ്ക്കാനുമുള്ള സൗകര്യമില്ലാത്തതിനാൽ കാലവർഷക്കെടുതിമൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്കുള്ള ആനുകൂല്യങ്ങൾ കിട്ടുന്നില്ല. അതിനാൽ നികുതി അടയ്ക്കാനുള്ള സൗകര്യവും പട്ടയം നൽകാനുള്ള നടപടികളും അടിയന്തിരമായി ഉണ്ടാകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) വളരെ ഗൗരവമുള്ള ഈ വിഷയം സഭയിൽ പല തവണ ചർച്ച ചെയ്തതും നിയമനിർമ്മാണത്തിലൂടെ സംരക്ഷിക്കാൻ ശ്രമിച്ചതുമാണ്. 2001–ലെ കേരള ഒഴിപ്പിക്കൽ നടപടികൾ (നിറുത്തിവയ്ക്കൽ) ആക്ടിന് 2004 മാർച്ച് 31–ാം തീയതിവരെ മാത്രമേ പ്രാബല്യം ഉണ്ടായിരുന്നുള്ളു. എന്നാൽ നിയമസഭ പാസാക്കിയ 2004–ലെ കേരള ഒഴിപ്പിക്കൽ നടപടികൾ (നിറുത്തിവയ്ക്കൽ) ബില്ലിൽ പ്രസ്തുത നിയമത്തിന് 2004 ഏപ്രിൽ ഒന്നു മുതൽ മുൻകാല പ്രാബല്യത്തോടെ 2004–ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ആക്ട്

പ്രാബല്യത്തിൽ വരുന്ന തീയതി വരെ പ്രാബല്യം നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത ബില്ലിന് രാഷ്ട്രപതിയുടെ അനുമതി ലഭിക്കുമ്പോൾ മാത്രമേ മുൻ പറഞ്ഞ വ്യവസ്ഥ പ്രാബല്യത്തിൽ വരികയുള്ളു. ഈ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചാൽ 4 ഹെക്ടർ വരെ ഭൂമിയുള്ള കൈമാറ്റങ്ങൾക്ക് സാധൂകരണം ലഭിക്കുന്നതും പരാതിക്കാർക്ക് പട്ടയം നൽകാനും കൃഷിഭൂമിക്ക് നികുതി കൊടുക്കാനും സാധിക്കുന്നതുമാണ്. 2004-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ആക്ടിന് പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നതുവരെ കുടിയൊഴിപ്പിക്കൽ നടപടികൾ ഉണ്ടാകുന്നതല്ല. എന്നാൽ അതിനുശേഷം മാത്രമേ ഈ ആക്ടിന്റെ പരിധിയിൽ വരുന്ന കൃഷിക്കാർക്ക് പട്ടയം നൽകാൻ സാധിക്കുക യുള്ളു. കൃഷിഭൂമിക്ക് പട്ടയം നൽകുന്നതിന് താമസം നേരിടുന്നതിനാൽ നികുതി കൊടുക്കുന്നതിലുണ്ടായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനും കാലവർഷക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് എം.എൽ.എ.മാർ ഉൾപ്പെടെ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒക്ടോബർ മാസം 5-ാം തീയതി ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പ്രസിഡന്റിന് നിവേദനം കൊടുത്തിട്ടുണ്ട്. പ്രസിഡന്റിന്റെ അംഗീകാരം എത്രയുംവേഗം ലഭ്യമാക്കി ഈ ബിൽ നിയമമാക്കി നടപ്പിലാക്കാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

## (9) സഹകരണ സംഘങ്ങളിൽനിന്ന് ആദായനികുതി ഈടാക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. എം. മോനായി: 1904–ൽ ആദ്യ സഹകരണ നിയമം നടപ്പിലായതുമുതൽ സഹകരണ സംഘങ്ങളുടെ ആദായത്തിന്മേൽ വരുമാന നികുതി കൊടുക്കേണ്ടതില്ല എന്ന ഇളവ് ഇൻകംടാക്സ് ആക്ടിൽ സെക്ഷൻ 80(പി)–ൽ അനുവദിച്ചിരുന്നു. എന്നാൽ ഈ നിയമസംരക്ഷണം പുതിയ ഫൈനാൻസ് ബിൽ പ്രകാരം കേന്ദ്ര സർക്കാർ എടുത്തുകളഞ്ഞിരിക്കുകയാണ്. ഇതിന്റെ ഫലമായി സഹകരണ മേഖലയിലെ ബഹുഭൂരിപക്ഷം സ്ഥാപനങ്ങൾക്കും മുപ്പത് ശതമാനംവരെ ആദായനികുതി കൊടുക്കേണ്ടിവരുന്നു. കൂടാതെ സെപ്റ്റംബർ 30–ാം തീയതിക്കുമുമ്പ് ഈ ആദായനികുതിയുടെ ആദ്യ ഗഡു അടയ്ക്കണമെന്ന് നിർദ്ദേശവുമുണ്ട്. ഇത് കേരളത്തിലെ ഇരുപത്തയ്യായിരത്തോളം വരുന്ന വിവിധ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിപ്പിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്): ആദായ നികുതി നിയമത്തിൽ സെക്ഷൻ 80(പി) പ്രകാരം എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും ആദായനികുതിയിൽനിന്ന് ഇളവ് കിട്ടിയിരുന്നു. ഇപ്പോൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളൊഴികെയുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളും 30 ശതമാനം ആദായനികുതി നൽകേണ്ടതുണ്ട്. ഗ്രോസ് പ്രോഫിറ്റിന്മേലാണ് ഈ നികുതി കണക്കാക്കുന്നത്. തന്മൂലം നഷ്ടത്തിലായ സംഘങ്ങൾപോലും 30 ശതമാനം നികുതി നൽകേണ്ട സ്ഥിതിയാണ്.

ഇതുസംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കിയെങ്കിലും അതിന് വേണ്ടത്ര ഫലം ഉണ്ടായിട്ടില്ല. ഇക്കാര്യം കേന്ദ്രമന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ച് പ്രതിപക്ഷവുമായി ആലോചിച്ച് ഇക്കാര്യത്തിൽ യോജിച്ച നിലപാട് സ്വീകരിക്കുന്നതാണ്.

(10) ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ സ്തംഭനാവസ്ഥ

ശ്രീ. കെ.സി. വേണുഗോപാൽ: കേരളത്തിലെ സാധാരണക്കാർക്ക് ആരോഗ്യ ചികിൽസാ രംഗത്ത് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി യാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 'ആരോഗ്യ സുരക്ഷാ പദ്ധതി'. ആരംഭിച്ചത്. ഒരു ദരിദ്ര കുടുംബത്തിന് 30,000 രൂപവരെ പ്രതിവർഷം ചികിൽസാനുകൂല്യം കിട്ടുന്നതും അപകടത്തിൽ മരണപ്പെടുകയോ പൂർണ്ണമായി അംഗഭംഗം വരികയോ ചെയ്താൽ ഒരു ലക്ഷം രൂപവരെ കിട്ടുന്നതുമായ ഒരു സ്കീമാണിത്. ചികിൽസ തേടിയെത്തുന്ന കുടുംബാംഗങ്ങൾക്ക് അംഗീകരിച്ചിട്ടുള്ള ആശുപത്രിയിൽ കമ്പനി നൽകുന്ന ഐ.ഡി. കാർഡ് വഴി പണം മുൻകൂറായി നൽകാതെതന്നെ ചികിൽസ ലഭ്യമാക്കാനും ഗൃഹനാഥൻ ആശുപത്രിയിലായാൽ കുടുംബത്തിന് ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് പ്രതിദിനം 50 രൂപ നിരക്കിൽ ഒരാഴ്ച subsistence allowance നൽകാനും കൂട്ടിരിക്കുന്ന ആളിന് പ്രതിദിനബത്തയായി 50 രൂപവീതം ഒരാഴ്ച നൽകാനും ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിക്കഴിഞ്ഞ ഈ പദ്ധതി നടപ്പിലാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ.പാലൊളി മുഹമ്മദ് കുട്ടി): ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായുള്ള ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര സർക്കാരിന്റെ യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് സ്കീമിന്റെ സഹായത്തോടെ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ വഴി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുടെ ടെണ്ടർ ക്ഷണിച്ചപ്പോൾ സ്വകാര്യ കമ്പനിയായ ഐ.സി.ഐ.സി.ഐ. നൊംബാർഡ് പൊതുമേഖലാ കമ്പനികളേക്കാൾ കുറഞ്ഞ പ്രീമിയം നിരക്ക് ക്വോട്ട് ചെയ്യുകയും സ്വകാര്യ ഇൻഷ്വറൻസ് കമ്പനികളെക്കൂടി പങ്കെടുപ്പിച്ച് വീണ്ടും ഒരു ടെന്ററിംഗ് നടത്തുകയും ചെയ്തു. കുറഞ്ഞ പ്രീമിയം നിരക്ക് ക്വോട്ട് ചെയ്ത ഐ.സി.ഐ.സി.ഐ. നൊംബാർഡിനെ പദ്ധതി നടത്തിപ്പ് ഏൽപ്പിക്കാൻ സർക്കാർ തീരുമാനിച്ചു. ഗുണഭോക്തൃ കുടുംബവും തദ്ദേശഭരണ സ്ഥാപനവും സംസ്ഥാന സർക്കാരും 33 രൂപ വീതവും കേന്ദ്ര സർക്കാർ വിഹിതം 300 രൂപയും അടക്കം ഒരു കുടുംബത്തിന് ഒരു വർഷത്തേയ്ക്ക് 399 രൂപ പ്രീമിയം അംഗീകരിക്കപ്പെട്ടു. കുടുംബശ്രീ വഴി ഗുണഭോക്തൃ വിഹിതം സമാഹരിച്ച് പഞ്ചായത്ത് വിഹിതവും സർക്കാർ വിഹിതവും ചേർത്ത് കമ്പനിക്ക് കൈമാറാനും കേന്ദ്ര വിഹിതം കമ്പനി നേടിയെടുക്കണമെന്നുമാണ് തീരുമാനിച്ചത്. 16–01–2006–ൽ അന്നത്തെ മുഖ്യമന്ത്രി പദ്ധതി ഔപചാരികമായി ഉദ്ഘാടനം ചെയ്തു. പദ്ധതിയിൽ ഗുണഭോക്താക്കളാകാൻ തീരുമാനിച്ച 25 ലക്ഷം കുടുംബങ്ങൾക്കും കേന്ദ്ര സഹായം ലഭ്യമാകുമെന്ന് ഉറപ്പുവരുത്തിയിരുന്നില്ല. സംസ്ഥാന സർക്കാരും ഇൻഷ്വറൻസ് കമ്പനിയും കേന്ദ്ര സർക്കാരുമായി ഫലപ്രദമായ ആശയ

വിനിമയം നടത്തിയിട്ടില്ല എന്നും നിർദ്ദിഷ്ട പദ്ധതി ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റിയുടെ നിർദ്ദേശങ്ങൾക്കെതിരാകയാൽ അംഗീകരിക്കാൻ കഴിയില്ലെന്നും കേന്ദ്ര ധനകാര്യമന്ത്രി അന്നത്തെ കേരള മുഖ്യമന്ത്രിയെ കത്തുമൂലം അറിയിച്ചിരുന്നു. ഗുണഭോക്താക്കളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങ ളുടേയും വിഹിതം നൽകിയെങ്കിലും സംസ്ഥാന സർക്കാരിന്റെ വിഹിതം നൽകിയിരുന്നില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പതിനാലര ലക്ഷം ദരിദ്ര കുടുംബങ്ങളും എണ്ണായിരത്തി ഒരുന്നൂറ് ദരിദ്രേതര കുടുംബങ്ങളും പദ്ധതിയിൽ അംഗമായിട്ടുണ്ട്. ദരിദ്ര കുടുംബങ്ങൾ 4 കോടി 80 ലക്ഷം രൂപയും ദരിദ്രേതര കുടുംബങ്ങൾ 36 ലക്ഷം രൂപയും അവരുടെ വിഹിതമായി നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ 4 കോടി 38 ലക്ഷം രൂപ ഈ പദ്ധതിക്കുവേണ്ടി നൽകിയിട്ടു ണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡി ലഭിച്ചാൽ മാത്രമേ പ്രസ്തുത പദ്ധതി മൂന്നു മാസത്തിനപ്പുറം തുടരാൻ സാധിക്കുകയുള്ളു എന്ന നിലപാ ടാണ് ഐ.സി.ഐ.സി.ഐ. നൊംബാർഡ് സ്വീകരിച്ചത്. കരാർ വയ്ക്കുന്നതിന് വീണ്ടും ആവശ്യപ്പെട്ടു വെങ്കിലും കമ്പനി തയ്യാറായില്ല. അതിനാൽ കമ്പനിക്ക് നൽകിയ പണം തിരിച്ചു വാങ്ങാൻ സർക്കാർ പഞ്ചായ ത്തുകളോട് ആവശ്യപ്പെടാനാണ് തീരുമാനിച്ചിട്ടുള്ളത്. ദരിദ്രരായ മുഴുവൻ കുടുംബങ്ങൾക്കും കേന്ദ്ര സഹായം ലഭിക്കുമെന്ന് ഉറപ്പായശേഷം പൊതുമേഖലാ കമ്പനികളുടെ സഹായത്തോടെ പൊതു ആരോഗ്യ സംവിധാനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പദ്ധതി പുന രാവിഷ്ക്കരിക്കാൻ സർക്കാർ ശ്രമം നടത്തി വരികയാണ്. കൂട്ടത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ പൊതു സംവിധാനത്തെ ആശ്രയിക്കാൻ തയ്യാറുള്ള ദരിദ്ര കുടുംബങ്ങൾക്കും കേന്ദ്ര സർക്കാർ

സഹായം ലഭ്യമാക്കാൻ ശ്രമങ്ങൾ തുടരുന്നതാണ്. പാവപ്പെട്ട ആളുകൾക്ക് ഈ ആനുകൂല്യം കിട്ടുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോവുകയും അൽപസമയത്തിനുശേഷം ഹാജരാവുകയും ചെയ്തു.)

(11) <u>പട്ടികജാതി വിദ്യാർത്ഥികൾക്ക് ഐ.ടി.ഐ.-കളിൽ പ്രവേശനം</u>

<u>ശ്രീ യു.സി.രാമൻ:</u> സംസ്ഥാനത്ത് 1980 മുതൽ 12 ഐ.ടി.ഐ.കളിലെ ഓരോ ബാച്ചിലും 19 വിദ്യാർത്ഥികളെന്ന നിലയിൽ 14 ബാച്ചുകളിലായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിവരികയാണ്. ഈ വർഷം വ്യവസായ പരിശീലന വകുപ്പ് ആവശ്യപ്പെട്ടിട്ടും പട്ടികജാതി വികസന വകുപ്പിൽനിന്നും ഈ പ്രത്യേക ബാച്ചിൽ പ്രവേശനം നൽകുന്നതിന് അനുമതി നൽകിയിട്ടില്ല. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതിയിൽപ്പെട്ട 266 വിദ്യാർത്ഥികൾക്ക് ഈ വർഷം തന്നെ ഐ.ടി.ഐ.കളിൽ പ്രവേശനം നൽകുന്നതിനുള്ള നടപടികൾ അടിയന്തിര മായി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ എ. കെ. ബാലൻ)</u>: പട്ടികജാതി വിദ്യാർത്ഥികൾക്ക് ഐ.ടി.ഐ.കളിൽ എസ്.സി.പി. പ്രകാരം സ്പെഷ്യൽ ബാച്ചിൽ പ്രവേശനം നൽകുന്നത് സംബന്ധിച്ച ഉത്തരവ് ഇന്നലെത്തന്നെ പുറപ്പെടുവിച്ചുകഴിഞ്ഞു. ഐ.ടി.ഐ. ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്. സ്പെഷ്യൽ ബാച്ചിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം അതാതു വർഷങ്ങളിലെ സർക്കാർ ഉത്തരവ് പ്രകാരമാണ് നൽകാറുള്ളത്.

2006–07 സാമ്പത്തിക വർഷം 12 ഐ.ടി.ഐ.കളിലായി സ്പെഷ്യൽ ബാച്ചുകളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ച് വ്യവസായ പരിശീലന വകുപ്പ് പട്ടികജാതി വികസന ഡയറക്ടർക്ക് 19–06–2005–ൽ കത്തയച്ചു. വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത ട്രേഡുകളാണോ എന്ന് പരിശോധിക്കാൻ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് നിർദ്ദേശിക്കുകയുണ്ടായി. മുൻ വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി ട്രെയിനിംഗ് ഡയറക്ടർ ശുപാർശ ചെയ്ത ട്രേഡുകളിൽ സ്പെഷ്യൽ ബാച്ചുകളെ പ്രവേശിപ്പിക്കുന്നതിന് അനുമതി നൽകിക്കഴിഞ്ഞു.

**മേശപ്പുറത്തു വച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തു വച്ചു.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ):</u> മുല്ലപ്പെരിയാർ ഡാമിന് സമീപം താന്നിക്കുടിയിൽ 18.08.2006–ൽ ഉണ്ടായ ഭൂചലനത്തെത്തുടർന്ന് ഡാമിന് ബലക്ഷയം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡാം സേഫ്റ്റി കമ്മിറ്റി അംഗമായ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ ഉൾപ്പെട്ട സംഘത്തെ സർക്കാർ ചുമതലപ്പെടുത്തി. അവരുടെ പരിശോധനയിൽ ഡാമിന്റെ ഉപരിതലത്തിൽ

കേടുപാടുകൾ കണ്ടെത്തിയിട്ടുണ്ട്. ഡാമിന് ബലക്ഷയമുണ്ടോ എന്ന് അറിയുന്നതിന് കൂടുതൽ പഠനങ്ങൾ ആവശ്യമായതിനാൽ പത്ത് ദിവസം തുടർച്ചയായി സ്വീപേജ് ജലത്തിന്റെ അളവ് എടുക്കുന്നതിന് കട്ടപ്പന മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറെ ചുമതലപ്പെടുത്തി. ആ ഉദ്യോഗസ്ഥനെ തമിഴ്നാട് ഉദ്യോഗസ്ഥർ അതിന് അനുവദിച്ചില്ലെന്ന് മാത്രമല്ല ഉന്നത ഉദ്യോഗസ്ഥരുടെ അനുമതി കൂടാതെ വിവരങ്ങളൊന്നുംതന്നെ കേരളത്തിലെ ഉദ്യോഗസ്ഥർക്ക് നൽകാനാവില്ലെന്ന നിലപാടാണ് സ്വീകരിച്ചത്. സ്വീപേജ് വാട്ടർ വ്യതിയാനം പരിശോധിക്കുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് ചീഫ് എൻജിനീയർ തലത്തിലും വകുപ്പ് സെക്രട്ടറി തലത്തിലും കേരളം തമിഴ്നാടിന് കത്ത് അയച്ചുവെങ്കിലും ഇക്കാര്യത്തിൽ അനുകൂലമായ പ്രതികരണം ഉണ്ടായില്ലെന്ന് മാത്രമല്ല, മുല്ലപ്പെരിയാർ ഡാമിൽ തമിഴ്നാട് പോലീസിനെക്കൂടി വിന്യസിച്ച് സംയുക്ത സുരക്ഷാ സംവിധാനം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് മന്ത്രിതലത്തിൽ കത്ത് നൽകി. മുല്ലപ്പെരിയാർ ഡാം പൂർണ്ണമായും കേരളത്തിന്റെ അധികാരാതിർത്തിക്കുള്ളിലാണെന്നും അതിന്റെ സംരക്ഷണ ത്തിന് കേരള പോലീസ് പര്യാപ്തമാണെന്നും ആയതിനാൽ തമിഴ്നാടിന്റെ ആവശ്യം പരിഗണനാർഹമല്ലെന്നും ഡാമിനുണ്ടാകുന്ന ബലക്ഷയം കേരള ത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനുംവിശിഷ്ട വന്യമൃഗ-വന സമ്പത്തിനും ഗൗരവമായ ഭീഷണിയുയർത്തുന്നുവെന്നും പ്രശ്നം ചർച്ച ചെയ്ത് രമ്യമായി പരിഹരിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്ത് അയച്ചു. ഇക്കാര്യത്തിൽ തമിഴ്നാട് മുഖ്യമന്ത്രിയിൽനിന്നും ലഭിച്ച മറുപടി ആശാവഹമല്ല. മുല്ലപ്പെരി യാർ അണക്കെട്ടിന്റെ കാലപ്പഴക്കവും ഡാമിന്റെ പരിസരപ്രദേശത്ത്

ഉണ്ടാകുന്ന തുടർ ഭൂചലനങ്ങളും കേരള ജനതയുടെ സുരക്ഷയ്ക്ക് ഉയർത്തുന്ന ഭീഷണി കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനായി മുഖ്യമന്ത്രിയുടെയും പ്രതിപക്ഷനേതാവിന്റെയും നേതൃത്വത്തിൽ സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കണ്ട് കാര്യങ്ങൾ വിശദീകരിക്കുകയും നിവേദനം നൽകുകയും ചെയ്തു. ഡാമിന്റെ ബലക്ഷയവും തുടർച്ചയായ ഭൂചലനംമൂലമുള്ള ജനങ്ങളുടെ ആശങ്കയും കണക്കിലെടുത്ത് ഡാമിന്റെ ജലവിതാനം ഉയർത്തരുതെന്നും ഡാമിന്റെ മെയിന്റനൻസ് ആന്റ് ഓപ്പറേഷൻ പൂർണ്ണമായും കേരളത്തിനെ ഏൽപ്പിക്കണമെന്നും ഇൻസ്ട്രുമെന്റേഷൻ നടത്തണമെന്നും സംയുക്തമായി സ്വീപേജ് അളക്കുന്നതിന് സംവിധാനമുണ്ടാക്കണമെന്നും കരാർ കാലോചിതമായി പുന:പരിശോധിക്കണമെന്നും കാലപ്പഴക്കം ചെന്ന ഡാമിനുപകരം മറ്റൊരു ഡാം പണിയണമെന്നും ഇക്കാര്യത്തിൽ തമിഴ്നാടുമായി ചർച്ചയാണ് ആവശ്യമെന്നും പ്രശ്ന പരിഹാരത്തിന് പ്രധാനമന്ത്രി ഇടപെടണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. ഈ വിഷയം പരിശോധിക്കാൻ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയേയും കേന്ദ്ര നിയമ വകുപ്പുമന്ത്രിയേയും പ്രധാനമന്ത്രി ചുമതലപ്പെടുത്തി. 13.09.2006–ൽ കേന്ദ്ര നിയമ വകുപ്പുമന്ത്രിയെ കണ്ട് ചർച്ച ചെയ്യുകയും ഈ വിഷയത്തിലുള്ള രേഖകൾ കൈമാറുകയും ചെയ്തു. 2006–ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (ഭേദഗതി) ആക്റ്റിന്റെ നിയമസാധുതയെ ചോദ്യം ചെയ്തുകൊണ്ട് തമിഴ്നാട് സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസിൽ സംസ്ഥാന സർക്കാർ കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി നൽകിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് ഉയർത്തുന്നത് ഡാമിന്റെ സുരക്ഷയ്ക്ക് ഭീഷണിയും കേരളത്തിലെ ജനങ്ങളുടെ സുരക്ഷിതത്വത്തിലുള്ള ആശങ്ക

വർദ്ധിപ്പിക്കുന്നതുമാണ്. സമീപകാലത്തുണ്ടായ ഭൂചലനത്തെത്തുടർന്ന് സംസ്ഥാന ഡാം സേഫ്റ്റി അതോറിറ്റി മുല്ലപ്പെരിയാർ ഡാം സന്ദർശിച്ച് പരിശോധന നടത്തിയിട്ടുണ്ട്. ഭ്രംശപാളികളുടെ സംഗമസ്ഥലത്ത് നൂറ്റിപ്പത്ത് വർഷം മുൻപ് നിർമ്മിച്ച മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്. ഡാമിന്റെ പരിസരത്ത് ഉണ്ടാകുന്ന ചെറിയ ഭൂചലനംപോലും ഡാമിന്റെ സുരക്ഷയെ സാരമായി ബാധിക്കുമെന്നാണ് വിദഗ്ദ്ധ ശാസ്ത്ര സമിതിയായ CESS-ന്റെ പഠനങ്ങളിൽ കാണുന്നത്. ഇതെല്ലാം കണക്കിലെടുത്ത് മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് വർദ്ധിപ്പിക്കുന്നത് ഇടുക്കി, കോട്ടയം, എറണാകുളം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനികരമാകുമെന്നത് ആശങ്കയോടെയാണ് സർക്കാർ കാണുന്നത്. തമിഴ്നാടിന് ജലം നൽകുന്ന തിന് കേരളം ഒരിക്കലും എതിരായിരുന്നിട്ടില്ല; ഇപ്പോഴും എതിരല്ല. എന്നാൽ ഡാമിന്റെ സുരക്ഷയും ജനങ്ങളുടെ ഉത്കണ്ഠയും പരിഗണിക്കുമ്പോൾ ജലവിതാനം ഉയർത്താൻ കഴിയില്ല. കേരളത്തിലെ ജനങ്ങൾക്ക് ഈ വിഷയ ത്തിലുള്ള ആശങ്ക കണക്കിലെടുക്കാതെ പ്രധാനമന്ത്രിയുടെ പരിഗണനയി ലുള്ള ഈ പ്രശ്നത്തിൽ തമിഴ്നാട് സർക്കാർ സ്വീകരിക്കുന്ന ഏകപക്ഷീയ മായ നിലപാട് കേരളാ ഗവൺമെന്റ് ഗൗരവപൂർവ്വം കാണുന്നു.

**ധനകാര്യം**

<u>2006-07 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു:

ധനാഭ്യർത്ഥന നമ്പർ III – നീതിന്യായ നിർവ്വഹണം (64,19,45,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XII – പോലീസ് (391,12,09,000 രൂപ)
ധനാഭ്യർത്ഥന നമ്പർ XIII – ജയിലുകൾ (16,95,18,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII– വിനോദസഞ്ചാരം (38,38,53,000 രൂപ)

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്ക്): നീതിന്യായ നിർവ്വഹണം എന്ന III–ാം നമ്പർ ധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും സംബന്ധിക്കുന്ന പ്രസ്താവന ചട്ടം 236 (3) അനുസരിച്ച് മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ വി.ഡി.സതീശൻ, പി.കെ. അബ്ദുറബ്ബ്, കെ.മുഹമ്മദുണ്ണി ഹാജി, അബ്ദുറഹിമാൻ രണ്ടത്താണി, വി.കെ. ഇബ്രാഹിം കുഞ്ഞ്, സി.ടി. അഹമ്മദ് അലി, ജോസഫ് എം.പുതുശ്ശേരി, കെ.കെ.ഷാജു, കെ.സി. വേണുഗോപാൽ, കെ.ബാബു, ടി.എൻ.പ്രതാപൻ, ജി.കാർത്തികേയൻ, ആര്യാടൻ മുഹമ്മദ്, എം.മുരളി, എ.പി.അനിൽ കുമാർ, ജോർജ് മേഴ്സിയർ, യു.സി. രാമൻ, അടൂർ പ്രകാശ്, കെ. കുട്ടി അഹമ്മദ് കുട്ടി, പ്രൊഫ.കെ.വി. തോമസ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ.ബാബു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഗുണ്ടാ നിയമം ഈ ഗവൺമെന്റ്

പിൻവലിച്ചതുകൊണ്ട് കേരളത്തിൽ മോഷണവും കവർച്ചയും നിത്യ സംഭവമായി മാറിയിരിക്കുന്നു. പല മേഖലകളിലായി മാഫിയാ സംഘങ്ങൾ പെരുകിവരുന്നു. പോലീസിന് നിഷ്ക്രിയരായി നോക്കിനിൽക്കാനേ കഴിയുന്നുള്ളു. പോലീസ് കസ്റ്റഡി മരണത്തിന് ഇരയായവരുടെ ആശ്രിതർക്ക് ധനസഹായം നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. നടപടിക്രമങ്ങൾ ലംഘിച്ച് പരോൾ അനുവദിക്കുന്ന പ്രവണത അവസാനിപ്പിക്കണം. സി.പി.ഐ.(എം) കാരുടെ പേരിലുള്ള നാനൂറോളം കേസുകൾ പിൻവലി ക്കാനുള്ള ശ്രമം നടക്കുകയാണ്. നിരന്തരമായി നടക്കുന്ന അക്രമങ്ങളെ ചെറുക്കുന്നതിന് പോലീസ് സംവിധാനത്തിൽ കുറേക്കൂടി മാറ്റം വരുത്താൻ ശ്രമിക്കണം. കുറ്റകൃത്യങ്ങൾ പരിശീലിപ്പിക്കുന്ന സർവ്വകലാശാലയായി ജയിലുകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഒരു ആമ്പ്യൂളിനു മുകളിലുള്ള മയക്കുമരുന്നിനെ ലാർജ് ക്വാണ്ടിറ്റിയായി കണക്കാക്കുന്ന ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബഞ്ച് സ്റ്റേ ചെയ്ത നടപടിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. ടൂറിസം രംഗത്ത് കഴിഞ്ഞ കുറേ വർഷങ്ങളായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരുന്ന കേന്ദ്ര അവാർഡ് ഇപ്പോൾ ലഭിക്കുന്നില്ല. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും റോഡിന്റെ ശോച്യാവസ്ഥയും എയർ കണക്ടിവിറ്റിയുടെ കുറവും വിസ ഓൺ അറൈവൽ സിസ്റ്റത്തിന്റെ അപര്യാപ്തതയും ടൂറിസം മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ലക്ഷ്വറി ടാക്സ് ഈടാക്കുന്നത് കേരളമാണ്; ഇത് പുനഃപരിശോധിക്കണം.

<u>ശ്രീ. എം. ചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ 5 വർഷക്കാലമായി ഭയവിഹ്വലരായി കഴിഞ്ഞിരുന്ന കേരളത്തിലെ ജനങ്ങൾക്ക് സുരക്ഷിതബോധം ഉണ്ടാക്കിക്കൊടുക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

കള്ളന്മാർക്ക് സുരക്ഷിതത്വവും സാധാരണക്കാർക്ക് ഭയവുമാണ് കഴിഞ്ഞ ഭരണകാലത്തുണ്ടായിരുന്നത്. കള്ളന്മാരെ കണ്ടാൽ ഉടൻ വെടിവയ്ക്കാനുള്ള നിർദ്ദേശവും വീടുപൂട്ടി പോകുന്നവർ പോലീസിനെ വിവരം അറിയിക്കണമെന്ന നിർദ്ദേശവും ഉണ്ടായത് യു.ഡി.എഫ്. ഭരണ കാലത്താണ്. 17 കസ്റ്റഡി മരണങ്ങൾ നടന്നു എന്ന പ്രതിപക്ഷവാദം പുകമറ സൃഷ്ടിക്കലാണ്. ലോക്കപ്പിൽവച്ച് ഒരു മരണവും സംഭവിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്താൻ മന്ത്രിസഭ തീരുമാനിക്കുന്നത് ആദ്യമായിട്ടാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 14 പേരെ ലോക്കപ്പിലിട്ട് കൊന്നിട്ട് വളരെയധികം പ്രക്ഷോഭം നടത്തിയതിന്റെ ഫലമായി ഒരാളുടെ കാര്യത്തിൽ മാത്രമാണ് കേസ് എടുത്തിട്ടുള്ളത്. ആദിവാസിയായ യോഗിയേയും മുത്തങ്ങയിൽ 100 കണക്കിന് ആളുകളേയും വെടിവച്ച് കൊന്നിട്ടും ഒരു ഉദ്യോഗസ്ഥന്റെ പേരിലും നടപടി എടുത്തിരുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുത്തങ്ങയിൽ ആദിവാസികൾക്കെതിരെ നടന്ന അതിക്രമത്തിലും കിളളി സംഭവത്തിലും കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് മാത്രമല്ല അവരെ മുഴുവൻ സർവ്വീസിൽ തിരിച്ചെടുക്കുകയാണ് ചെയ്തത്. .എന്നാൽ പോലീസിന്റെ ഭാഗത്തുനിന്നും അതിക്രമമുണ്ടായാൽ ശക്തമായ നടപടിയെടുക്കുന്ന ഒരു ഗവൺമെന്റാണ് ഇപ്പോൾ അധികാരത്തിലിരിക്കുന്നത്. നാല് മാസം കൊണ്ട് പോലീസിനെ ജനസേവകരാക്കി മാറ്റി. മുൻ ഗവൺമെന്റ് ജയിലുകളെ കൊലപാതക ത്തിന്റേയും കഞ്ചാവ് വില്പനയുടെയും കേന്ദ്രങ്ങളാക്കി അധ:പതിപ്പിച്ചു. ബ്രിട്ടീഷ്കാരുടെ കാലത്തുളള ജയിൽ സംവിധാനങ്ങൾ ഇന്നും തുടരുന്നത് കേരളത്തിന് ഭൂഷണമല്ല, അതുകൊണ്ട് ജയിലുകളിൽ ആവശ്യമായ

പരിഷ്ക്കാരങ്ങൾ വരുത്തണം. രാഷ്ട്രീയ പരിഗണനവച്ച് പരോൾ അനുവദിക്കാതിരിക്കുകയും വ്യവസ്ഥകൾ ഉദാരമാക്കുകയും ചെയ്യണം. ജയിലുകളിലെ കുറ്റവാളികളുടെ വേതനം വർദ്ധിപ്പിക്കണം. ജീവപര്യന്തം ശിക്ഷയ്ക്ക് വിധിച്ച് 20 കൊല്ലം തികഞ്ഞ തടവുകാരുടെ കാര്യം പുന:പരിശോധിക്കുകയും ആവശ്യമാണെങ്കിൽ അവരെ പുനരധിവസിപ്പിക്കാൻ നിയമനിർമ്മാണത്തിന് നടപടി സ്വീകരിക്കുകയും ചെയ്യണം. പബ്ലിക് പ്രോസിക്യൂട്ടർമാരും സർക്കാർഭാഗം വക്കീലൻമാരും അഴിമതിക്കാരാകാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്ത് സമാധാനാന്തരീഷം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇന്ന് കേരളത്തിൽ കർഷകരുടെ ആത്മഹത്യയും ലോക്കപ്പ് മരണവും വർദ്ധിച്ചിരിക്കുന്നു. ഇന്ന് ജനങ്ങൾക്ക് പോലീസിനെ പേടിയാണ്. ലോക്കപ്പ് മരണത്തിനിരയായവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നല്കാൻ ഗവൺമെന്റ് തയ്യാറാകണം. ഡിവൈ.എസ്.പി.-യുടെ കീഴിൽ ലോക്കപ്പ് റൂം ഉണ്ടാക്കുന്നതിനോട് യോജിക്കാനാവില്ല. പോലീസ് കമ്മീഷൻ രൂപീകരിക്കുമ്പോൾ ഈ മേഖലയിൽ താഴെത്തട്ടിൽനിന്നും ഉയർന്നുവന്ന ഉദ്യോഗസ്ഥരെ നിയമിച്ചാൽ മാത്രമേ വ്യക്തമായ കടിഞ്ഞാൺ ഇടാൻ സാധിക്കുകയുള്ളു. മനുഷ്യന്റെ ജീവനും സ്വത്തിനും ക്രമസമാധാനത്തിനും വില കല്പിക്കേണ്ട പോലീസ് വിഭാഗത്തിന്റെ ഡിറ്റെക്ഷൻ പവർ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. ക്രൈം ഇൻവെസ്റ്റിഗേഷന് സ്വതന്ത്ര ചുമതല നല്കി ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ നടപടി സ്വീകരിക്കണം. എക്സൈസ് ഉദ്യോഗസ്ഥർക്ക് കൃത്യനിർവ്വഹണത്തിന് ആവശ്യമായ പോലീസ്

സംരക്ഷണം നല്കണം. ടെക്നോളജി ഉപയോഗിച്ച് പോലീസ് സംവിധാനം ശക്തിപ്പെടുത്തണം. .

<u>ശ്രീ. ബാബുപോൾ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ 5 വർഷക്കാലത്തെ അപേക്ഷിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കാനും സംസ്ഥാനത്ത് സമാധാന അന്തരീക്ഷം നിലനിറുത്താനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗുണ്ടാനിയമം ഉണ്ടായിരുന്നിട്ടും ഒരു ഗുണ്ടയെപ്പോലും അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുമാത്രമല്ല കന്യാസ്ത്രീകളെ വരെ ആക്രമിക്കുകയും 24-ഓളം ദേവാലയങ്ങൾ കൊള്ളയടിക്കപ്പെടുകയും ചെയ്തു. നീതിനിർവ്വഹണം നടത്തേണ്ട പോലീസ് ഉദ്യോഗസ്ഥർ ആളുകളെ കൊല ചെയ്ത് ചാക്കിൽ കെട്ടി കായലിൽ തള്ളുന്ന സംഭവവും ഗുണ്ടാ മാഫിയാ സംഘങ്ങളും പോലീസുമായിട്ടുള്ള അവിശുദ്ധമായ കൂട്ടുകെട്ടും വരെ കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്തുണ്ടായിരുന്നു. വിദ്യാർത്ഥികളായ പെൺകുട്ടികളെയും ജനകീയ നേതാക്കളെയും ക്രൂരമായി മർദ്ദിച്ചതു സംബന്ധിച്ച് ഒരു അന്വേഷണവും നടത്തിയില്ല. ഇത്തരം സംഭവങ്ങളൊന്നും കഴിഞ്ഞ നാല് മാസമായി റിപ്പോർട്ട് ചെയ്യുന്നില്ല. സ്ത്രീകൾക്കും കുട്ടികൾക്കും ധൈര്യമായി നാട്ടിൽ ഇറങ്ങി നടക്കാവുന്ന അവസ്ഥ ഇപ്പോൾ സംജാതമായിട്ടുണ്ട്. മാഫിയാ സംഘങ്ങളെ അടിച്ചമർത്താൻ ഈ ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. ആർക്കുവേണമെങ്കിലും പോലീസ് സ്റ്റേഷനിൽ കയറിച്ചെല്ലാവുന്ന ഒരു സാഹചര്യം ഇപ്പോൾ ഉണ്ട്. മൂന്നാംമുറ അവസാനിപ്പിച്ചു. 17 പോലീസ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ജോലി നിജപ്പെടുത്താനുള്ള നടപടി ഈ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി. പോലീസ് ക്യാമ്പുകളിലെ ഫോളവേഴ്സ് എന്നറിയപ്പെടുന്ന വിഭാഗത്തിന്റെ

സേവന–വേതന വ്യവസ്ഥകൾ കൃത്യമായി പുതുക്കി നിശ്ചയിക്കുകയും സർവ്വീസ് റൂൾസ് ഉണ്ടാക്കുകയും ചെയ്യണം. ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള സമാധാന അന്തരീക്ഷം സൃഷ്ടിക്കാൻ ഈ ഗവണ്മെന്റിനു കഴിഞ്ഞിട്ടുണ്ട്. വളരെയേറെ സാദ്ധ്യതകളുള്ള മൂവാറ്റുപുഴയെ ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വേണ്ടിവന്നാൽ പോലീസ് സ്റ്റേഷനിലും ബോംബുണ്ടാക്കുമെന്നു പറഞ്ഞ ശ്രീ. കോടിയേരി ബാലകൃഷ്ണനാണ് ആഭ്യന്തര മന്ത്രിയുടെ കസേരയിലിരുന്ന് പോലീസിനെക്കുറിച്ചുള്ള സത്യാന്വേഷണ പരീക്ഷണങ്ങൾ നടത്തുന്നത്. ഈ നാല് മാസത്തിനിടയിൽ 17 കസ്റ്റഡി മരണങ്ങൾ നടന്നു. കസ്റ്റഡി മരണത്തിൽ മരിച്ച പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കുടുംബാംഗങ്ങൾക്ക് സഹായധനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ക്രമസമാധാന നിലയാകെ തകർച്ചയിലാണ്. ബോംബ് നിർമ്മാണവും വ്യാജ മദ്യത്തിന്റെ ഉൽപാദനവും വിതരണവുമൊക്കെ വ്യാപകമായി നടക്കുകയാണ്. ബ്ലേഡ് കമ്പനികൾ വ്യാപകമായതോടുകൂടി നിരവധി ആളുകളെ ആത്മഹത്യയിലേയ്ക്ക് നയിക്കുന്നു. ഇതിന് കാര്യമായ നടപടി എടുക്കാൻ ഗവണ്മെന്റ് മുന്നോട്ടുവരണം. ബ്ലേഡ് കമ്പനികളേയും വാഹന വായ്പക്കാരെയും കേന്ദ്രീകരിച്ചുള്ള ഗുണ്ടാ സംഘങ്ങൾക്കെതിരെ ശക്തമായ നടപടിയുണ്ടാകണം. അനധികൃത ലോട്ടറി വിൽപന വ്യാപകമാകുന്നതിനെതിരെ പോലീസിന്റെ ഇടപെടൽ ഉണ്ടാകണം. ഹിമാലയ കേസിലെ പ്രതികൾക്ക് പ്രത്യേക പരിഗണന നൽകുന്നുവെന്നുള്ളതിനെക്കുറിച്ച് അന്വേഷിക്കണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മുൻ യു.ഡി.എഫ്. ഭരണത്തെ പ്രകീർത്തിക്കുകയും ഇപ്പോഴത്തെ ഭരണം മോശമാണെന്ന് വരുത്തിത്തീർക്കുകയുമാണ് പ്രതിപക്ഷം ചെയ്യുന്നത്. ഏത് ഗവണ്മെന്റ് അധികാരത്തിൽ വന്നാലും അച്ചടക്കത്തിനും ക്രമസമാധാന പാലനത്തിനും ഉപയോഗിക്കുന്നത് പോലീസിനെയാണ്. കസ്റ്റഡി മരണത്തെക്കുറിച്ച് പറയുമ്പോൾ മുൻകാലത്തെ ചെയ്തികളെക്കുറിച്ച് പ്രതിപക്ഷം ഓർക്കുന്നില്ല. സാഹചര്യങ്ങൾ മനസ്സിലാക്കണം. രാഷ്ട്രീയമായി പറഞ്ഞിട്ടു കാര്യമില്ല. കസ്റ്റഡി മരണത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറായത് സ്വാഗതാർഹമാണ്. കസ്റ്റഡി മരണം ഏത് ഗവണ്മെന്റിന്റെ കാലത്തും ഉണ്ടാകാറുണ്ട്. കസ്റ്റഡി മരണമുണ്ടായാൽ അതിനെപ്പറ്റി അന്വേഷണം നടത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഉണ്ടാകണം. ലോക്കപ്പ് മരണവും കസ്റ്റഡി മരണവും രണ്ടും രണ്ടാണ്. ലോക്കപ്പ് മരണമുണ്ടായാൽ സ്റ്റേഷൻ ഹെഡ് ഓഫീസറെ സസ്പെന്റ് ചെയ്യത്തക്കവിധത്തിലുള്ള നടപടിയുണ്ടാവണം. പോലീസ് ആക്ടിലും പോലീസ് മാനുവലിലും അതിനാവശ്യമായ ഭേദഗതി വരുത്തണം. കമ്മ്യൂണിറ്റി പോലീസിനെക്കുറിച്ചുള്ള നിർദ്ദേശത്തെ കളിയാക്കുന്നത് ശരിയല്ല. മൂന്നാംമുറ അവസാനിപ്പിക്കുമെന്ന് പറയാൻ ആഭ്യന്തര വകുപ്പുമന്ത്രി ആർജ്ജവം കാണിച്ചത് സ്വാഗതാർഹമാണ്. ചോർന്നൊലിക്കുന്ന പോലീസ് സ്റ്റേഷനുകൾ പുതുക്കിപ്പണിയണം. കുടുംബ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കണം. കെട്ടിക്കിടക്കുന്ന പതിനായിരക്കണക്കിന് എം.എ.സി.ടി കേസുകളിന്മേൽ തീർപ്പ് കൽപിക്കണം; ട്രിബ്യൂണലുകളുടെ എണ്ണം വർദ്ധിപ്പിക്കണം. ഗവണ്മെന്റ് ഫയൽ ചെയ്യുന്ന കേസുകളിൽ കോർട്ട് ഫീ സ്റ്റാമ്പ് ഒഴിവാക്കുന്നതിനായി കോർട്ട് ഫീ സ്റ്റാമ്പ് ആക്ടിൽ ഭേദഗതി കൊണ്ടു

വരണം. ജയിലുകളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്താൻ ആലോചിക്കുന്നു എന്നുപറഞ്ഞതിനെ സ്വാഗതം ചെയ്യുന്നു. തീഹാർ ജയിലിലുള്ള പരിഷ്കാര ങ്ങൾ സംസ്ഥാനത്തെ ജയിലുകളിലും കൊണ്ടുവരുന്നതിനെപ്പറ്റി ആലോചി ക്കണം. ജസ്റ്റിസ് കെ.ടി. തോമസ് കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാനുള്ള ആർജ്ജവം കാണിക്കണം.

ശ്രീ. വി. സുരേന്ദ്രൻപിള്ള : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിമർശനത്തിനു വിധേയമാകുന്ന പോലീസ് വകുപ്പിൽ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളുടെമേൽ ഗവണ്മെന്റ് എന്ത് നടപടിയെടുക്കുന്നുവെന്നതാണ് പ്രധാനമായിട്ടുള്ളത്. കഴിഞ്ഞ നാല് മാസക്കാലത്തിനിടയിൽ ഒരു കസ്റ്റഡി മരണംപോലും കേരളത്തിലുണ്ടായിട്ടില്ല. കസ്റ്റഡി മരണമുണ്ടായാൽ ഉടൻ ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിനും കുറ്റക്കാരുടെ പേരിൽ കർശന നടപടിയെടുക്കുന്നതിനും ഗവണ്മെന്റ് തയ്യാറായിട്ടുണ്ട്. പോലീസിനെ നേർവഴിക്ക് നടത്താനുള്ള ധാർമ്മികമായ ഉത്തരവാദിത്വം ഗവണ്മെന്റ് ഏറ്റെടു ത്തിട്ടുണ്ട്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് ജനപ്രതിനിധികളെ മർദ്ദിച്ചാൽപ്പോലും യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഓണാഘോഷം നടന്ന വേദികളിൽ ഒരു അനിഷ്ട സംഭവംപോലും ഉണ്ടാകാതിരുന്നത് പോലീസ് സേവകരായി മാറിയെന്നതിന്റെ തെളിവാണ്. 50 ലക്ഷം രൂപ മുതൽ മുടക്കിൽ വേളിയിൽ ടൂറിസം പാർക്കും സ്വിമ്മിംഗ് പൂളും നിർമ്മി ക്കുന്നതിന് നടപടി സ്വീകരിച്ചത് ചുരുങ്ങിയകാലംകൊണ്ട് ടൂറിസംരംഗത്ത് വലിയ ദിശാബോധമുണ്ടാക്കി എന്നതിനു തെളിവാണ്. വലിയതുറയിലുള്ള കടൽപാലത്തിന്റെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കസ്റ്റഡി മരണം, ഭവനഭേദനം, കവർച്ച, വർഗ്ഗീയ സംഘട്ടനം, പെൺവാണിഭം, സ്ത്രീപീഡനം, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, ദേവാലയത്തിനുനേരെയുള്ള ആക്രമണം, ബലാൽസംഗം, മുണ്ടുരിയൽ, ആളുകളെ കാണാതാകൽ ഇവയൊന്നും കഴിഞ്ഞ നാലുമാസക്കാലത്തിനിടയിൽ ഉണ്ടായിട്ടില്ല. കേരളത്തിൽ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നതിന് പോലീസ് സേനയ്ക്ക് കഴിയുന്നു. പോലീസ് സേനയെ നവീകരിക്കുന്നതിന് ഒട്ടേറെ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സ്തുത്യർഹമായ സേവന മനുഷ്ഠിച്ച പോലീസുകാർക്ക് പ്രൊമോഷൻ നൽകുന്നതുൾപ്പെടെ ഒട്ടേറെ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്നത്. പോലീസ് ആക്ടും മാനുവലും പരിഷ്ക്കരിക്കുന്നതിന് വിവിധ പോലീസുദ്യോഗസ്ഥരുൾപ്പെട്ട കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പോലീസ് അക്രമം കാട്ടിയാൽ പോലീസുകാരനെതിരെയും ശിക്ഷണ നടപടി സ്വീകരിക്കാൻ ഈ ഗവണ്മെന്റ് തയ്യാറാകുന്നു. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയും പോലീസുകാരുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്തണം. പോലീസ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കേരളത്തിലെ പോലീസ് സേന നവീകരിക്കുന്നതിന് ആഭ്യന്തരവകുപ്പ് ശ്രദ്ധിക്കണം. ഫയർ ഫോഴ്സ് ജീവനക്കാരുടെ ജോലിസമയം ക്രമപ്പെടുത്തുകയും അവർക്ക് അത്യാധുനിക ഉപകരണങ്ങൾ വാങ്ങിക്കൊടുക്കുകയും വേണം. ഫയർ ഫോഴ്സ് ജീവനക്കാർക്ക് ക്ഷാമബത്ത, യൂണിഫോം അലവൻസ് തുടങ്ങിയവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. കുന്നത്തൂർ താലൂക്കിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ടൂറിസം വികസനത്തിന് അനന്തസാദ്ധ്യതകളുള്ള സംസ്ഥാനമാണ് കേരളം. ടൂറിസത്തിന്റെ സാദ്ധ്യതകൾ ഉപയോഗിച്ചുകൊണ്ട് കേരളത്തെ ഒരു നിക്ഷേപ സംസ്ഥാനമാക്കി മാറ്റുമെന്നുള്ള പ്രഖ്യാപനം സ്വാഗതാർഹമാണ്. പരമ്പരാഗത വ്യവസായങ്ങൾ ടൂറിസത്തിലൂടെ നിലനിർത്താനും അവ പ്രോൽസാഹിപ്പിക്കാനുമുള്ള പ്രവർത്തന പരിപാടികൾ നടപ്പിലാക്കണം. ബാലരാമപുരത്ത് വിഭാവന ചെയ്യുന്നതുപോലെ ഒരു ഹാൻഡ്‌ലൂം വില്ലേജ് കൈത്തറിയുടെ നാടായ കണ്ണൂരിലെ എടക്കാട് നിയോജകമണ്ഡലത്തിലും ആരംഭിക്കണം. ബീച്ച് ടൂറിസം, കായൽ ടൂറിസം, ഹെറിറ്റേജ് ടൂറിസം, തീർത്ഥാടന ടൂറിസം എന്നിവ വികസിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ അടിയന്തിരമായി ആരംഭിക്കണം. ബേക്കൽ, മീൻകുന്ന്, പയ്യാമ്പലം, മുഴുപ്പിലങ്ങാട്, കാപ്പാട്, ബേപ്പൂർ ബീച്ച്, തുടങ്ങിയവ അന്താരാഷ്ട്ര നിലവാര മുയർത്തുന്നവിധം വികസിപ്പിക്കാനുള്ള ശ്രമം സമയബന്ധിതമായി നിർവ്വഹി ക്കണം. മുഴുപ്പിലങ്ങാട് ഡ്രൈവ്-ഇൻ ബീച്ചിലെ സാഹസിക വിനോദ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി അതൊരു ഹോളിസ്റ്റിക് ടൂറിസം ബീച്ചായി വികസിപ്പിച്ചെടുക്കണം. മുഴുപ്പിലങ്ങാട് ബീച്ച് ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. നിക്ഷേപവും തൊഴിൽ സാദ്ധ്യതകളും പ്രതീക്ഷിക്കുന്നത് യാഥാർത്ഥ്യവൽക്കരിക്കുന്നതി നുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും നൈസർഗ്ഗികമായ സാദ്ധ്യതകളും അനുഗ്രഹീതമായ പ്രകൃതിയുടെ വരദാനവും ഉപയോഗിച്ച് ടൂറിസം മേഖലയിൽ പ്രത്യേകമായ പദ്ധതികൾ ആവിഷ്ക്കരിക്കണം. നിയമ സമാധാന പരിപാലനരംഗത്ത് പുതിയ സമീപനം സ്വീകരിക്കുന്നതിന് ആഭ്യന്തര വകുപ്പിന് സാധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനു

കളിൽ റിസപ്ഷൻ കൗണ്ടറുകൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. പോലീസിന്റെ കൃത്യനിർവ്വഹണത്തിന് ഭൗതിക സാഹചര്യങ്ങളൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. പോലീസ് സേനയുടെ ജോലിസമയം 8 മണിക്കൂറായി നിജപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. പോലീസ് സേനയുടെ അംഗസംഖ്യ ആവശ്യത്തിന് വർദ്ധിപ്പിക്കണം. ജസ്റ്റിസ് കെ.ടി. തോമസിന്റെ നേതൃത്വത്തിലുള്ള പോലീസ് കമ്മിഷന്റെ നിർദ്ദേശങ്ങൾ പരിശോധിച്ച് പ്രാവർത്തികമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. പ്രവർത്തനക്ഷമമായ വാഹനങ്ങൾ എല്ലാ പോലീസ് സ്റ്റേഷനുകളിലും നൽകണം. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കാനാവശ്യമായ നടപടിയുണ്ടാകണം. ചക്കരക്കൽ പോലീസ് സ്റ്റേഷനുവേണ്ടി ഏറ്റെടുത്ത സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം. ഫയർ ഫോഴ്സ് ജീവനക്കാർക്ക് അത്യാധുനിക ഉപകരണങ്ങളും വാഹന സൗകര്യവും നൽകണം ഭൂകമ്പ സാദ്ധ്യതയുണ്ടാകാമെന്ന് നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. യു.സി. രാമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. 480 തടവുകാരുള്ള കോഴിക്കോട് ജയിൽ വളരെ കാലപഴക്കമുള്ളതാണ്. അവിടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും പരിശീലനം ലഭിച്ച ആളുകളെ നിയമിക്കുകയും ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം. അവിടെ ഒരു ആശുപത്രിയുണ്ടെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല. ജോലി ചെയ്യുന്ന തടവുകാർക്ക് ഇപ്പോൾ നൽകിവരുന്ന വേതനം 9 രൂപയാണ്; അത് വർദ്ധിപ്പിക്കണം. കോഴിക്കോട് ജയിലിൽ നിന്നും ചികിൽസയ്ക്ക്

വിധേയരാകുന്ന തടവുകാരെ കൊണ്ടുപോകുന്നതിന് സെക്യൂരിറ്റി പോലീസ് നിലവിലില്ലാത്തിനാൽ 10 പോലീസുകാരെയെങ്കിലും പ്രത്യേകമായി നിയമിക്കണം. സമസ്ത മേഖലയിലും പോലീസ് നിർവീര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 17 ആളുകൾ പോലീസ് കസ്റ്റഡിയിൽവച്ച് മരണപ്പെട്ടു. പോലീസ് സേനയുടെ അംഗസംഖ്യ വർദ്ധിപ്പിക്കണം. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം ഉണ്ടാക്കിക്കൊടുക്കണം. പോലീസ് ഡിപ്പാർട്ടുമെന്റിന്റെ ഉപയോഗത്തിനായി വാഹനങ്ങൾ വാങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കണം. പോലീസുകാരുടെ പ്രൊമോഷൻ സംബന്ധിച്ച ഉത്തരവിലെ അവ്യക്തതമൂലം അവർക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ നഷ്ടമായിരിക്കുന്നു. 6 ദിവസം തുടർച്ചയായി ഡ്യൂട്ടി ചെയ്യുന്ന പോലീസുകാർക്ക് ഇപ്പോൾ ഓഫും അലവൻസും ഇല്ലാത്ത സ്ഥിതിയാണ്. അതിനാൽ ഈ ഉത്തരവിലെ അവ്യക്തത മാറ്റി നിലവിലുള്ള ആനുകൂല്യങ്ങളെങ്കിലും കൃത്യമായി നൽകണം. പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട റസാക്കിന്റെ കുടുംബത്തിന് ആവശ്യമായ സംരക്ഷണം നൽകണം. രാജന്റെ കുടുംബത്തിന് വീടു നിർമ്മിച്ച് നൽകാമെന്ന ഉറപ്പ് പാലിക്കണം.

ശ്രീ. വി. ശശികുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പോലീസ് പ്രവർത്തിക്കുന്നത് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനുവേണ്ടിയാണ്. വർഷങ്ങളോളം പഴക്കമുള്ള പോലീസ് മാനുവലാണ് നമ്മുടെ പോലീസ് സേനയുടെ വഴികാട്ടിയെങ്കിലും പിന്നീട് ഉണ്ടായ നിയമനിർമ്മാണങ്ങളിലൂടെ ജനാധിപത്യപരമായ ഒരു മുഖം ഈ സേനാ വിഭാഗത്തിന് കൈവരിക്കാനായി. പോലീസ് സേനയെ ജനങ്ങളുടെ

താൽപര്യത്തിനുവേണ്ടി വിനിയോഗിക്കുക എന്ന ധർമ്മമാണ് ജനാധിപത്യ ഗവൺമെന്റ് ചെയ്യേണ്ടത്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് സമ്പന്നന്മാർക്കുവേണ്ടി പോലീസ് സേനയെ ഉപയോഗിച്ചിരുന്നതുമൂലം സാധാരണക്കാരുടെ ജീവിതം ദുരിതമായി മാറിയപ്പോൾ അതിനെതിരെ സമരവുമായി രംഗത്തുവന്നവർക്കുനേരെ ടിയർ ഗ്യാസുകളും ജലപീരങ്കിയും ഗ്രനേഡുകളും പ്രയോഗിച്ചു. കേരള ചരിത്രത്തിൽ വർഗ്ഗീയ ലഹള യുണ്ടായതെല്ലാം യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഭരണകാലത്ത് വർഗ്ഗീയ ലഹള ഉണ്ടാകാറില്ല. വർഗ്ഗീയമായ ചേരിതിരിവില്ലാതെ പോലീസ് സേനയെ ഫലപ്രദമായി വിനിയോഗിച്ചാൽ സംസ്ഥാനത്ത് വർഗ്ഗീയകലാപം നിയന്ത്രിക്കാൻ സാധിക്കും. നല്ലൊരു ശതമാനം പോലീസുകാരും ജനസേവകരും ജനക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ്. എന്നാൽ കുറച്ചുപേർ അഴിമതിക്കാരായും ക്രിമിനലുകളായും പ്രവർത്തിക്കുന്നു. അവരുടെ പ്രവർത്തനം സംസ്ഥാനത്തിന് അപനമാനകരമായി മാറിയിട്ടുള്ള നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 75 പോലീസുകാർ പല കാരണങ്ങളാൽ കേരളത്തിൽ ആത്മഹത്യ ചെയ്തു; 12-ഓളം പോലീസുകാർ പോലീസ് സ്റ്റേഷനകത്ത് തൂങ്ങി മരിച്ചു. പോലീസ് സേനയെ നവീകരിക്കുന്നതിന്റെ ആദ്യപടിയായി ഈ ഗവൺമെന്റ് പോലീസ് സേനയെ വിശ്വാസത്തിലെടുത്തു. അവർക്ക് അർഹമായ പ്രൊമോഷനും മറ്റ് സർവ്വീസ് ആനുകൂല്യങ്ങളും നൽകാൻ നടപടി സ്വീകരിച്ചു. മാത്രമല്ല 15 വർഷം സർവ്വീസുള്ള പോലീസുകാരെ ഹെഡ് കോൺസ്റ്റബിൾ റാങ്കിലേയ്ക്കും 23 വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയ എല്ലാ കോൺസ്റ്റബിൾമാരെയും എ.എസ്.ഐ.റാങ്കിലേയ്ക്കും ഉയർത്താനും 17

പോലീസ് സ്റ്റേഷനുകളിൽ പോലീസുകാരുടെ ഡ്യൂട്ടി സമയം 8 മണിക്കൂറായി നിജപ്പെടുത്താനും തീരുമാനിച്ചു. റസിഡൻസ് അസോസിയേഷനുകളുമായി ചേർന്ന് മൈത്രി പോലീസ് പദ്ധതി കേരളത്തിൽ നടപ്പാക്കാനും പഴയ ഗുണ്ടാനിയമം റദ്ദുചെയ്ത് അതിലെ അപാകതകൾ നീക്കി പുതിയ നിയമം കൊണ്ടുവരാനും തീവ്രവാദവും വർഗ്ഗീയവാദവും നിർവീര്യമാക്കാനും പോലീസ് സ്റ്റേഷൻ കമ്പ്യൂട്ടർവൽക്കരിക്കാനും റിസപ്ഷൻ കൗണ്ടറുകൾ നവീകരിക്കാനും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. പോലീസിന്റെ ഇന്നുള്ള വാഹന പരിശോധന രീതി തീർത്തും ജനദ്രോഹപരമായതിനാൽ അതിനുള്ള നടപടിക്രമത്തിൽ മാറ്റംവരുത്താൻ ഗവൺമെന്റ് ആലോചി ക്കുന്നതായി അറിയുന്നു. ജില്ലാതലത്തിൽ എസ്.പി. കൺവീനറായും സബ് ഡിവിഷനിൽ ഡിവൈ.എസ്.പി. കൺവീനറായും മൂന്ന് മാസത്തിലൊരിക്കൽ ജനപ്രതിനിധികളുടെ യോഗം വിളിച്ച് നിയമസമാധാനം റിവ്യൂ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതൊക്കെ വളരെ ആരോഗ്യകരമായ നടപടിക്രമങ്ങളാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ കസ്റ്റഡി മരണത്തിന്റെ പേരുപറഞ്ഞ് പ്രതിപക്ഷം ദുഷ്പ്രചരണം നടത്തുന്നത് ശരിയല്ല. കുറ്റക്കാരായ പോലീസുകാരുടെ പേരിൽ ഗവൺമെന്റ് മാതൃകാപരമായി നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസിനെക്കണ്ട് ഭയന്ന് ഓടി അപകടത്തിൽപ്പെട്ട പ്രതിയെ പോലീസ് ഇടപെട്ട് രക്ഷപ്പെടുത്തിയ സംഭവവുമുണ്ടായിട്ടുണ്ട്. പോലീസ് സേനയെ നിർവീര്യമാക്കിയാൽ സംസ്ഥാനത്ത് ക്രിമിനൽ ആക്ടിവിറ്റി വർദ്ധിക്കുകയും ക്രിമിനലുകളെ നേരിടാനുള്ള പോലീസിന്റെ ശക്തി കുറയുകയും ചെയ്യും. ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിന് കൂടുതൽ പോലീസുകാരെ നിയോഗിക്കണം. കേരളത്തിന്റെ പാരമ്പര്യത്തിനും പരിസ്ഥിതിക്കും കോട്ടം

തട്ടാത്ത ഈ ഗവൺമെന്റിന്റെ ടൂറിസം നയം സ്വാഗതാർഹമാണ്. ആയിരം കോടി രൂപയുടെ നിക്ഷേപവും അതിലൂടെ അമ്പതിനായിരം പേർക്ക് തൊഴിൽ നൽകാനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ചു. സർക്കാർ ഒരു ഫെസിലിറ്റേറ്ററായി പ്രവർത്തിച്ചാൽ കേരളത്തിന്റെ പുതിയ സാഹചര്യത്തിൽ നിരവധി സ്വകാര്യ സംരംഭകരെ കണ്ടെത്താനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. ഫയർഫോഴ്സിന് കൂടുതൽ തുക വകയിരുത്തുന്നതോടൊപ്പം ഫയർ സ്റ്റേഷനുകളിൽ വേണ്ടത്ര ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. മുൻ ചീഫ് സെക്രട്ടറിയെ തൽസ്ഥാനത്തുനിന്നും മാറ്റിയതിനെ വർഗ്ഗീയവൽക്കരി ക്കാനുള്ള ചിലരുടെ ശ്രമം ശരിയല്ല.

<u>ശ്രീ. വി.ഡി. സതീശൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടൂറിസം രംഗത്ത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തുടക്കം കുറിച്ച ഉജ്ജ്വലമായ പദ്ധതികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകണം. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നിട്ടുള്ളപ്പോഴെല്ലാം ഏറ്റവും കൂടുതൽ ആരോപണവിധേയമായ വകുപ്പാണ് ആഭ്യന്തരം. നാട്ടിലെ നീതിന്യായ വ്യവസ്ഥ ഇന്ന് പോലീസ് കയ്യിലെടുക്കുകയാണ്. ഡി.വൈ.എഫ്.ഐ.–ക്കാരും എസ്.എഫ്.ഐ–ക്കാരും പ്രകടനം നടത്തിയും സമരം ചെയ്തും ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾ വരുത്തിയാലും അവരുടെ പേരിൽ കേസ്സെടുക്കാതെ അക്രമികളെ പോലീസ് എസ്ക്കോർട്ടോടുകൂടി വീടുകളിൽ കൊണ്ടെത്തിക്കുകയും പോലീസുകാരെ സ്ഥലംമാറ്റുകയും ചെയ്യുന്ന രീതിയാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിക്കുന്നത്. ബ്ലാക്ക് മെയിലിംഗും പീഡനവും കൊലപാതകവും സംബന്ധിച്ച കേസ്സുകൾ വെളിച്ചം കാണാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. സ്ത്രീപീഡനത്തിനെതി

രായി സമരം നടത്തിയവർ അധികാരത്തിൽ വന്നപ്പോൾ സ്ത്രീപീഡനക്കേസ്സുകൾ കുഴിച്ചുമൂടുകയാണ്. ജൂഡീഷ്യറിയെ മാനിക്കാതെ വെല്ലുവിളി നടത്തുന്ന ഒരു ഗവൺമെന്റാണിത്. ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റി റിപ്പോർട്ടിന്മേൽ യാതൊരു നടപടിയും ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടില്ല. രേഖാമൂലം പരാതി കൊടുത്താൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ്സെടുക്കാതെ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുന്ന നടപടി ശരിയല്ല. സ്ത്രീപീഡനങ്ങളുടെ പേരിൽ യു.ഡി.എഫ്. ഗവണ്മെന്റിനെ ആക്ഷേപിച്ച് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. കേരളത്തിൽ കസ്റ്റഡി മരണങ്ങൾ നടന്നിട്ടില്ലായെന്നും പോലീസ് നിരുത്തരവാദപരമായി പെരുമാറിയിട്ടില്ലായെന്നും പറയുകയും എന്നാൽ അത്തരം കേസ്സുകളിൽ പോലീസുകാരെ സസ്പെൻഡ് ചെയ്യുകയും ചെയ്യുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കസ്റ്റഡി മരണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുകയും അത് ആവർത്തിക്കാതിരിക്കാൻ ഫലപ്രദമായ നടപടികൾ എടുക്കുകയും വേണം. ഗുണ്ടാവിളയാട്ടം അവസാനിപ്പിക്കാൻവേണ്ടി ഗുണ്ടാ നിയമം കൊണ്ടുവരുന്നതു സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറയണം. തീവ്രവാദബന്ധം ഉണ്ടെന്ന് ആരോപിച്ച് കെ.എസ്.എഫ്.ഇ. എം.ഡി.-യെ രാജി വയ്പ്പിച്ച നടപടിയെ ക്കുറിച്ച് അന്വേഷിക്കണം. നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇക്കഴിഞ്ഞ മൂന്ന് മാസക്കാലയളവിൽ ക്രിമിനൽ കുറ്റങ്ങൾ 50 ശതമാനം വർദ്ധിച്ചിട്ടുണ്ട്. പോലീസ് സേനയിൽ കാര്യമായ മാറ്റം വരുത്താനും പോലീസുകാരുടെ പരിശീലനം നിർബന്ധമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. വി.എൻ. വാസവൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയുന്ന ഒരു പോലീസ് നയം കേരളത്തിലുണ്ടായിരിക്കുകയാണ്. വിദേശ സഞ്ചാരികളുടെ വരവിലുണ്ടായ 34 ശതമാനം വർദ്ധനവ് ഇതിന് തെളിവാണ്. കരകൗശലത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വിപണിയും കണ്ടെത്താൻ കഴിയുന്ന ഭാവനാസമ്പന്നമായ വീക്ഷണമാണ് ടൂറിസം വ്യവസായത്തിൽ ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. ബീച്ച്–അഡ്വെഞ്ചർ–ഫാം–മൺസൂൺ–കായൽ ടൂറിസം ഉൾപ്പെടുത്തി ടൂറിസം വ്യവസായത്തെ അന്താരാഷ്ട്ര പ്രശസ്തിയിലേയ്ക്കുയർത്തി കൂടുതൽ വിദേശനാണ്യം നേടാൻ കഴിയുന്ന ഒരു ഉപാധിയാക്കി മാറ്റിയത് സ്വാഗതാർഹമാണ്. കോവളം, കുമരകം തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാൻ ആവിഷ്ക്കരിച്ച പദ്ധതികളെ സ്വാഗതം ചെയ്യുന്നു. സൈബർ ക്രൈം സെല്ലുകൾ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തുടങ്ങാൻ നടപടി സ്വീകരിക്കണം. സാറ്റലൈറ്റ് സംവിധാനം വഴി മെസ്സേജ് കൊടുത്ത് സംഘർഷമുണ്ടാകുന്ന പ്രദേശങ്ങളിൽ പോലീസിനെ എത്തിക്കാൻ കഴിയുന്ന നൂതനമായ സംവിധാനം ആവിഷ്ക്കരിച്ച ഗവണ്മെന്റ് നടപടിയെ അഭിനന്ദിക്കുന്നു. ഗുണ്ടാ നിയമം കുറ്റമറ്റ രീതിയിൽ കൊണ്ടുവരണം. നിയമസമാധാന സംരക്ഷണം ഉറപ്പുവരുത്താനും കുറ്റകൃത്യങ്ങൾ നടന്നാൽ സമയബന്ധിതമായി പ്രതികളെ കയ്യാമം വയ്ക്കാനും കഴിയുന്ന സമീപനമാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് സ്വീകരിച്ചിട്ടുള്ളത്. പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി ജസ്റ്റീസ് കെ.ടി. തോമസ് കമ്മിഷൻ ശുപാർശകൾ നടപ്പാക്കാനുള്ള നടപടി സ്വാഗതാർഹമാണ്. പ്രൊമോഷനിലൂടെ വരുന്ന എസ്.പി.–മാരെ അഡ്മിനിസ്ട്രേറ്റീവ്

ഓഫീസർമാരായി നിയമിക്കുകയും സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സഹായിക്കുന്ന തരത്തിൽ പരിശീലനം കൊടുക്കുകയും വേണം. കേസ്സുകൾ ശാസ്ത്രീയമായി തെളിയിക്കാൻ ബ്രെയിൻ മാപ്പിംഗ്, പോളിഗ്രാഫ് ടെസ്റ്റ്, സയന്റിഫിക് റിസർച്ച് അനാലിസിസ് എന്നിവ നടത്തുന്നതിനുള്ള ആധുനിക സംവിധാനങ്ങൾ കേരളത്തിൽ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പോലീസുകാരുടെ ഡ്യൂട്ടി എട്ട് മണിക്കൂറാക്കി നിജപ്പെടുത്താനുള്ള തീരുമാനം എല്ലാ പോലീസ് സ്റ്റേഷനിലും നടപ്പാക്കണം. ട്രഷറി ഡ്യൂട്ടിയിൽനിന്ന് പോലീസ്സുകാരെ ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പോലീസ് സേനയുടെ നവീകരണത്തിനായി ഡി.ജി.പി. ശ്രീ. കെ. സുകുമാരൻനായർ കൺവീനറായി കമ്മിറ്റി രൂപീകരിച്ച നടപടി സ്വാഗതാർഹമാണ്. സംഘർഷമുണ്ടാകുന്ന പ്രദേശങ്ങളിൽ എത്താൻ കഴിയുന്ന വിധത്തിൽ സർക്കിൾ ഇൻസ്പെക്ടർമാരുടെ കീഴിൽ വേണ്ടത്ര സ്റ്റാഫും വാഹന സൗകര്യവും കൊടുക്കാൻ നടപടി സ്വീകരിക്കണം. തിരുവനന്തപുരത്ത് ആവിഷ്ക്കരിച്ച മൈത്രി പദ്ധതി കേരളത്തിലെ എല്ലാ പട്ടണങ്ങളിലേയ്ക്കും വ്യാപിപ്പിച്ച് റസിഡൻസ് അസോസിയേഷനുകളെയും കുടുംബശ്രീ യൂണിറ്റുകളെയും ഉൾപ്പെടുത്തി പോലീസ് സംവിധാനവുമായി ബന്ധപ്പെടുത്തിയാൽ നാട്ടിൽ നടക്കുന്ന വിവിധ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള വിവരം പോലീസിന് ലഭിക്കാൻ സഹായകരമാകും. അത്തരത്തിലുള്ള നൂതന സംവിധാനങ്ങൾ പോലീസ് അന്വേഷണ രംഗത്ത് ഉണ്ടാകണം. തെളിയാതെ കിടന്ന പല കേസ്സുകളും എൽ.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ പോലീസ് നയവും പൊതുഭരണ നയവും കേരള ജനത ശിരസ്സാവഹിച്ചിട്ടുണ്ടെന്നുള്ളതിന്റെ തെളിവാണ് കോട്ടയം ജില്ലാ പഞ്ചായത്ത്

ഉപതെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അഭിമാനകരമായ വിജയം കൈവരിക്കാൻ കഴിഞ്ഞത്. യു.ഡി.എഫ്. ഭരണകാലത്ത് ജനങ്ങൾക്ക് നഷ്ടപ്പെട്ടുപോയ ആത്മവിശ്വാസം തിരികെ കൊണ്ടുവരാൻ കഴിയുമെന്ന പുത്തൻ പ്രതീക്ഷയോടുകൂടിയാണ് എൽ.ഡി.എഫ്. ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ക്രമസമാധാന രംഗത്ത് പ്രത്യാശ ഉണ്ടാക്കുന്ന തരത്തിലുള്ള ശ്ലാഘനീയ നിയമ നടപടികളാണ് ആഭ്യന്തര വകുപ്പിൽനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഒരു കാലത്ത് ക്രമസമാധാന പാലന രംഗത്ത് ഇന്ത്യയിലെ മികച്ച സംസ്ഥാനമായിരുന്ന കേരളത്തിൽ കഴിഞ്ഞ 5 വർഷത്തെ ഐക്യജനാധിപത്യ മുന്നണിയുടെ പോലീസ് നയത്തിന്റെ ഭാഗമായി ജനങ്ങൾ ഭീതിജനകമായ സാഹചര്യത്തിലാണ് ജീവിച്ചിരുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് പോലീസ് സേനയെ ജനങ്ങൾക്കെതിരായ ശത്രുസൈന്യമാക്കി മാറ്റി. ആഗോള–സാമ്പത്തിക നയത്തിന്റെ ഫലമായുണ്ടായ പ്രത്യാഘാതങ്ങൾ നേരിടാൻ യു.ഡി.എഫ് സർക്കാർ പോലീസ് സേനയെ ഉപയോഗപ്പെടുത്തി. 1957–ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയാണ് കേരളത്തിലാദ്യമായി ലോക്കപ്പ് മർദ്ദനം അവസാനിപ്പിച്ചത്. പോലീസുകാർക്ക് കൂടുതൽ നേട്ടമുണ്ടാക്കിയത് എൽ.ഡി.എഫ്. ഭരണ കാലഘട്ടത്തിലാണ്. കഴിഞ്ഞ സർക്കാർ ജനാധിപത്യ വ്യവസ്ഥയെ കാറ്റിൽ പറത്തി പോലീസ് സേനയെ ദുരുപയോഗം ചെയ്തു; എല്ലാ പ്രതിഷേധ സമരങ്ങളേയും അടിച്ചമർത്താൻ ശ്രമിച്ചു. ആദ്യമായി ഗ്രനേഡ് ഉപയോഗിച്ചതും മാധ്യമ പ്രവർത്തകർക്കെതിരെ അക്രമം നടത്തിയതും യു.ഡി.എഫ്. ഗവൺമെന്റാണ്. ആദിവാസിയായ ജോഗിയെ വെടിവച്ചു

കൊല്ലുകയും 39 ദിവസം കുട്ടികളെ കണ്ണൂർ ജയിലിൽ പാർപ്പിക്കുകയും ചെയ്തു. ഗുണ്ടാ നിയമം കൊണ്ടുവന്നെങ്കിലും അതനുസരിച്ച് ആരേയും അറസ്റ്റ് ചെയ്തില്ല. പോലീസിൽ മാഫിയ ബന്ധമുള്ളവരും ഉണ്ട്. ഗുണ്ടകളെ അടിച്ചമർത്താൻ കഴിയുന്ന രൂപത്തിൽ പുതിയൊരു ഗുണ്ടാ നിയമം ഈ സർക്കാർ കൊണ്ടുവരാൻ പോവുകയാണ്. കുറ്റവാളികളെ കണ്ടുപിടിച്ച് കേസ് രജിസ്റ്റർ ചെയ്യാനും കൊള്ളയും കൊലപാതകവും അമർച്ച ചെയ്യാനും ജാഗ്രതയുള്ള പോലീസ് സേനയായി ദൃഢനിശ്ചയത്തോടെ മുന്നോട്ടു പോവുകയാണ്. കുഴപ്പക്കാരെ നിയന്ത്രിക്കാൻ കഴിയുന്ന രാഷ്ട്രീയ ഇച്ഛാശക്തി ഈ സർക്കാരിനുണ്ട്. സാഹസിക പ്രവർത്തനങ്ങളിലേർപ്പെട്ട് ജനങ്ങളെ രക്ഷിക്കുന്ന പോലീസുകാർക്ക് അർഹമായ അവാർഡ് നൽകി ആദരിക്കേണ്ടതാണ്. 1000 കോടിരൂപയുടെ മൂലധന നിക്ഷേപവും 50,000 പേർക്ക് ജോലിയും ലഭ്യമാകുന്നവിധം ടൂറിസം നയം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ സംസ്ക്കാരത്തെ നിലനിർത്തിക്കൊണ്ടു പോകാൻ ഉതകുന്ന തരത്തിലുള്ള ടൂറിസം നയമാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഫയർ സ്റ്റേഷനുകളിൽ ആവശ്യമായ മുങ്ങൽ വിദഗ്ദ്ധരെ നിയമിക്കാനും ചേർപ്പിലെ അന്തിക്കാട് പോലീസ് ഔട്ട്പോസ്റ്റ് പുനരാരംഭിക്കുന്നതിനുമുള്ള നടപടിയുണ്ടാവണം.

ശ്രീ വി. ശിവൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും യാതൊരുവിധ സുരക്ഷയുമില്ലായിരുന്നു. മനുഷ്യാവകാശ ലംഘനങ്ങളാൽ നീതിരഹിതമായ പോലീസ് നയമായിരുന്നു അന്നുണ്ടായിരുന്നത്. മനുഷ്യാവകാശങ്ങൾക്ക് വിലകൽപ്പിച്ച് കേരളാ പോലീസിന് മനുഷ്യത്വപരമായ മുഖം നൽകിയ ഒരു സർക്കാരാണ് ഇന്നുള്ളത്. മലം തീറ്റിക്കൽ,

മൂത്രം കുടിപ്പിക്കൽ, ബൂട്ട്സ് നക്കിക്കൽ, ലോക്കപ്പ് മർദ്ദനം, ലാത്തിച്ചാർജ്, കള്ളക്കേസുകൾ, വെടിവെയ്പ്പ്, ആൾമാറി ശവസംസ്ക്കാരം, ഗർഭിണി കളോടും സ്ത്രീകളോടും വിദ്യാർത്ഥി-വിദ്യാർത്ഥിനികളോടും ക്രൂരമായി പെരുമാറുക തുടങ്ങിയ ഒട്ടേറെ ക്രൂര സംഭവങ്ങൾ യു.ഡി.എഫ്. ഭരണകാലത്ത് ഉണ്ടായിട്ടുണ്ട്. എം.പി.-എം.എൽ.എ. മാരെപ്പോലും ക്രൂരമായി മർദ്ദിച്ച സംഭവങ്ങളുണ്ടായിട്ടുണ്ട്. വിദ്യാർത്ഥി സമരങ്ങളെ അടിച്ചമർത്താൻ ജലപീരങ്കികളും ഇലക്ട്രിക് ലാത്തികളും ഉപയോഗിക്കുന്നത് ശരിയായ നടപടിയല്ല. മാറാട്, കിളളി, മുത്തങ്ങ തുടങ്ങിയ സംഭവങ്ങളിൽ യു.ഡി.എഫ്. ജനങ്ങളോട് ക്ഷമ ചോദിച്ചേ മതിയാകൂ. മുൻ ഗവൺമെന്റിന്റെ കാലത്ത് മാധ്യമപ്രവർത്തകർക്കു നേരെപോലും ലാത്തിച്ചാർജ് നടത്തുകയും അവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷനിൽ ജനകീയപ്രശ്നങ്ങൾ അവതരിപ്പിക്കാൻ ഒരു എം.എൽ.എ.-ക്കുപോലും ധൈര്യമില്ലായിരുന്നു. ഏറ്റവുമധികം അധോലോക വളർച്ച സംഭവിച്ചത് യു.ഡി.എഫിന്റെ കാലഘട്ടത്തിലാണെന്ന് ക്രൈം റിപ്പോർട്ട് പരിപാടിയിൽപോലും പറഞ്ഞിട്ടുണ്ട്. ഗുണ്ടകൾക്ക് വി.ഐ.പി. പരിഗണനയാണ് ഇവിടെ ലഭിച്ചുകൊണ്ടിരുന്നത്. ഇറാക്കിലെ പൗരൻമാർക്കു നേരെ അമേരിക്കൻ പട്ടാളം നടത്തുന്ന ക്രൂരപീഡനങ്ങളെക്കാൾ മോശമാണ് കേരളത്തിലെ പോലീസ് നടത്തിയിരുന്നത്. കേരളത്തിലെ പോലീസിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ രീതിയും ശൈലിയും മുഖവും നൽകാൻ ആഭ്യന്തര വകുപ്പുമന്ത്രിക്ക് സാധിച്ചിട്ടുണ്ട് എന്നുള്ളത് അഭിനന്ദനാർഹമാണ്. ഇൻഡ്യയിൽ ഏറ്റവും നല്ല ക്രമസമാധാനമുള്ള സംസ്ഥാനം കേരളമാണെന്ന് കേന്ദ്രമന്ത്രി ശ്രീ ശിവരാജ് പാട്ടീൽ പോലും അഭിനന്ദിക്കുകയുണ്ടായി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ പോലീസ് സ്റ്റേഷനുകളിൽ

റിസെപ്ഷൻ കൗണ്ടറുകൾ ആരംഭിച്ചു. പോലീസ് കൺട്രോൾ റൂമിൽ അത്യന്താധുനിക ശാസ്ത്ര-സാങ്കേതിക വിദ്യ ഉപയോഗിച്ച് സാറ്റലൈറ്റ് ടെക്നോളജിപോലുള്ള പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. ജില്ലാ തലത്തിലും ഡിവിഷൻ തലത്തിലും അഡ്വൈസറി കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള തീരുമാനവും സ്വാഗതാർഹമാണ്. തമ്പാനൂർ പോലീസ് സ്റ്റേഷന് കെട്ടിടം പണിയണം. ജയിൽ പരിഷ്ക്കരണ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണം. ജയിൽ വാർഡൻമാരുടെ എണ്ണം വർദ്ധിപ്പിക്കണം. ജയിലുകളിലുള്ള തടവുകാരുടെ ശംപളം വർദ്ധിപ്പിക്കണം. പരോൾ നൽകുന്നതിന് ഉദാര സമീപനം സ്വീകരിക്കണം. ഫയർ ഫോഴ്സിന്റെ പ്രവർത്തനം വിപുലീകരിക്കണം. കേരളത്തിൽ എല്ലാ കാലത്തും സ്പോർട്ട്സിന് താങ്ങും തണലുമായി നിന്നിട്ടുള്ള പോലീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എല്ലാ ഡിസിപ്ളനിലുമുള്ള സ്പോർട്ട്സ് ടീമുകൾ രൂപീകരിക്കണം. ജസ്റ്റീസ് കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണം. ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. ആക്കുളവും വേളിയും കേന്ദ്രീകരിച്ച് ഒരു ടൂറിസം ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കണം. .

<u>ശ്രീ. തോമസ് ചാണ്ടി:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ വിനോദസഞ്ചാര മേഖലയെക്കുറിച്ച് ജനങ്ങളിൽ വലിയ പ്രതീക്ഷയാണ് ഉയർത്തിയിട്ടുള്ളത്. വിനോദസഞ്ചാര മേഖലയിൽ ആഗോളതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട മൂന്ന് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഒന്ന് കേരളമാണ്. വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ് ചെയ്തുകൊണ്ട് ടൂറിസം രംഗത്ത് മാറ്റമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഒന്നായ കുട്ടനാടിലെ കായലുകളുടേയും തോടുകളുടേയും സ്ഥിതി വളരെ ദയനീയമാണ്. ബോട്ടുകളുടെ സുഗമമായ പ്രവർത്തനത്തിന് കേന്ദ്ര സഹായം ലഭ്യമാക്കി കായലുകളേയും തോടുകളേയും സഞ്ചാരയോഗ്യ മാക്കുന്നതിന് നടപടി സ്വീകരിക്കണം .കുട്ടനാട്ടിലെ ഒറ്റപ്പെട്ട തുരുത്തുകളിൽ ചെന്നെത്താൻ കഴിയുന്ന വിധത്തിൽ പോലീസ് സ്റ്റേഷനുകളിൽ ബോട്ടും സ്പീഡ് ലൗഞ്ചും അനുവദിക്കണം. വിനോദസഞ്ചാരികളെ കേരളത്തി ലേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടി റോഡുകൾ ഗതാഗതയോഗ്യ മാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റ് 15 കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചതോടുകൂടി സംഗതികൾ വളരെ മോശമാകാൻ തുടങ്ങി. കേരളത്തിൽ 17 ലോക്കപ്പ് മരണങ്ങളുണ്ടായിട്ടും കൊലയാളികൾക്കെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ക്രിമിനൽ കുറ്റവാളികൾക്കെതിരെ നടപടിയുണ്ടാകണം. സസ്പെൻഷൻ മതിയായ പണിഷ്മെന്റ് അല്ല. ഇന്ന് കേരളത്തിൽ വിവിധ മേഖലകളിലായി പ്രവർത്തിക്കുന്ന മാഫിയ സംഘങ്ങളെ നിയന്ത്രിക്കുന്ന തിന് നടപടി സ്വീകരിക്കണം. കേരളം വാഴുന്നത് മാഫിയകളാണെന്നാണ് ഇന്റലിജൻസ് റിപ്പോർട്ട്. ഹൈക്കോടതിയുടെ നിബന്ധനകൾക്കു വിധേയമായി മാത്രമേ പരോൾ അനുവദിക്കാൻ പാടുള്ളൂ. ഗുണ്ടാനിയമം പിൻവലിച്ചതിനുള്ള കാരണം കേരളത്തിലെ ജനസമൂഹത്തിന് മനസ്സിലാകുന്ന വിധത്തിൽ വിശദീകരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. കേരളത്തിലെ ക്രമസമാധാനം തകർക്കുന്നതിൽനിന്ന് സർക്കാരിന് ഒഴിഞ്ഞുമാറാൻ കഴിയില്ല. സർക്കാരിന്റെ നയത്തിൽ മാറ്റം വരുത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ബഹുമാനപ്പെട്ട അംഗങ്ങളുടെ നിർദ്ദേശങ്ങളും വിമർശനങ്ങളും ചർച്ചകളും സർക്കാർ അതേ അർത്ഥത്തിൽ വിലമതിക്കുന്നു. മണ്ഡലങ്ങളുമായും പൊതു വികസനവുമായും ബന്ധപ്പെട്ട് കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങളെല്ലാം പ്രത്യേകം പരിഗണിക്കുന്നതാണ്. സംസ്ഥാനത്ത് ശക്തിപ്പെട്ടുവരുന്ന വ്യവസായമായി ടൂറിസം വകുപ്പ് മാറുകയും ലോക ടൂറിസം രംഗത്ത് സ്ഥാനം നേടുകയും ചെയ്തുകഴിഞ്ഞു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ടൂറിസം മേഖലയിൽ നടന്നുവരുന്ന ശ്രമങ്ങളുടെ ഫലമായി വിദേശ ടൂറിസ്റ്റുകളുടെ വരവ് 13 ശതമാനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് 31 ശതമാനവും വർദ്ധിച്ചിട്ടുണ്ട്. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ ഫോറിൻ ടൂറിസ്റ്റുകളുടെ വരവിൽ 43 ശതമാനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ 34 ശതമാനവും വർദ്ധനവുണ്ടായിട്ടുണ്ട്. ഈ ട്രെൻഡ് വർദ്ധിപ്പിച്ചാൽ ടൂറിസം മേഖലയിൽ കേരളത്തെ ഒരു വലിയ കുത്തക സംസ്ഥാനമാക്കി മാറ്റാൻ സാധിക്കും. ഈ രംഗത്ത് 7738 കോടി രൂപയുടെ വരുമാനവും 1552 കോടി രൂപയുടെ വിദേശ നാണ്യവും നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് ടൂറിസം മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. ചർച്ചയിൽ പങ്കെടുക്കാത്ത ചില അംഗങ്ങൾ നൽകിയ കട്ട് മോഷൻസിൽ വെറും തുക കുറയ്ക്കുക എന്ന ഭാഗത്തോട് വിയോജിക്കുന്നു. എന്നാൽ അവർ നൽകിയിട്ടുള്ള നിർദ്ദേശങ്ങളെക്കുറിച്ച് ടൂറിസം വകുപ്പ് പ്രത്യേകം പരിശോധിക്കുന്നതാണ്. ഈ രംഗത്തെ ശക്തിപ്പെടുത്താനുള്ള പ്രായോഗികമായ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിക്കാൻ സഹായകരമായ ചില നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട അംഗങ്ങളുടെ

ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. മികച്ച ടൂറിസത്തിനുള്ള സംസ്ഥാന അവാർഡ് ഉൾപ്പെടെ 6 ദേശീയ അവാർഡുകളാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്. 2004–2005–ലെ അവാർഡാണ് 2006 ഫെബ്രുവരി മാസത്തിൽ വിതരണം ചെയ്തത്. ഈ വർഷത്തെ അവാർഡിന് അപേക്ഷ ക്ഷണിച്ചിട്ടേയുള്ളു. അതിനുമുമ്പ് ഈ വർഷത്തെ അവാർഡ് കിട്ടിയില്ല എന്ന അഭിപ്രായ പ്രകടനം നടത്തുകയും സഭയിൽ പ്രസ്താവന നടത്തുകയും ചെയ്തത് കേരള ടൂറിസം വികസനത്തിന് സഹായകരമാണോ എന്ന് ആലോചിക്കണം. ടൂറിസ്റ്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള എയർ കണക്ടിവിറ്റി, എയർപോർട്ടിലെ സൗകര്യം വർദ്ധിപ്പിക്കൽ, വിസ പ്രശ്നം തുടങ്ങിയ കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുള്ള നിവേദനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാന തലത്തിൽ ഒരു ഹെലികോപ്ടർ സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ടൂറിസ്റ്റുകളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡക്കാൺ എയർ സംസ്ഥാന സർക്കാരിനെ സമീപിക്കുകയുണ്ടായി. അതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതിനും സീ–പ്ലെയിൻ സർവ്വീസ് കേരളത്തിൽ ആരംഭിക്കുന്നതിനും സർക്കാർ ആലോചിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങളും റോഡുകളുടെ സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കകത്തുനിന്നുകൊണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ചും സ്വകാര്യ മേഖലയെയും സംയുക്ത സംരംഭങ്ങളെയും ഉപയോഗിച്ചുകൊണ്ടും ടൂറിസം വികസനത്തിനുവേണ്ടി സർക്കാർ ശ്രമിക്കുന്നതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന ടൂറിസ്റ്റ് ഡെസ്റ്റിനേഷനായ കുട്ടനാട് പോലെ എല്ലാ മണ്ഡലങ്ങളിലും

പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന പേര് തന്നെ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്ന അനുകൂല ഘടകമായി മാറിക്കഴിഞ്ഞു. ടൂറിസം വികസനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ശക്തമായി നടത്താൻ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. ഇതോടൊപ്പം പൊതുമേഖലയെ കൂടുതൽ ശക്തിപ്പെടുത്താനും കെ.ടി.ഡി.സി.യിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സമീപനവും സർക്കാർ സ്വീകരിച്ചുവരുന്നു. സാമ്പത്തിക സമാഹരണത്തിലൂടെ പദ്ധതികൾ ഏറ്റെടുത്തുനടത്തുന്നതിന് ഡിപ്പാർട്ടുമെന്റിന്റെ പണം അപര്യാപ്തമായ തിനാൽ ഒരു ടൂറിസം ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. മുംബൈയിൽ പണി മുടങ്ങിക്കിടന്നിരുന്ന ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ 4 കോടി രൂപ അനുവദിച്ച് ഈ വർഷം തന്നെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ചെന്നൈയിലുള്ള 50 സെന്റ് സ്ഥലത്ത് അവിടെയുള്ള മലയാളികൾക്കുകൂടി ഉപയോഗപ്രദമായ രീതിയിൽ കെ.ടി.ഡി.സി. ഒരു സ്ഥാപനം നിർമ്മിക്കുന്നതാണ്. ഇത്തരത്തിൽ സ്വകാര്യ സംരംഭകരെക്കൂടി പ്രോത്സാഹിപ്പിച്ചുകൊണ്ട് പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ടൂറിസം വികസന നയമാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത്. പ്രതിപക്ഷാംഗങ്ങൾ വളരെയധികം താല്പര്യം പ്രകടിപ്പിച്ച ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കെല്ലാം അർഹമായ പരിഗണന നൽകുന്നതോടൊപ്പം മുൻ ഗവൺമെന്റ് രൂപകൽപ്പന ചെയ്ത എല്ലാ പ്രോജക്ടുകളും പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. പുതിയ പ്രോജക്ടുകൾ തയ്യാറാക്കുന്നതോടൊപ്പം കേന്ദ്ര പ്രോജക്ടുകൾ

ലഭിക്കുന്നതിനും ശ്രമം നടത്തുന്നതാണ്. സംസ്ഥാന ടൂറിസം രംഗത്ത് അർഹമായ പരിഗണന കേന്ദ്ര ഗവൺമെന്റിൽനിന്നും കിട്ടുമെന്നുള്ള പ്രതീക്ഷയിൽ കേന്ദ്ര പ്രോജക്ടുകളും മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. എല്ലാ അംഗങ്ങളുടേയും നിർലോഭമായ സഹകരണത്തിന്റെ ഫലമായി ജനലക്ഷങ്ങളെ ആകർഷിച്ച ഒരു പരിപാടിയായി ഇത്തവണത്തെ ഓണാഘോഷം നടത്താൻ സാധിച്ചു. നീതിന്യായ വ്യവസ്ഥയെ സംബന്ധിച്ച് അംഗങ്ങൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണ്. പി.എസ്.സി. മുഖേന നടത്തിയിരുന്ന മുൻസിഫ്, മജിസ്ട്രേട്ട് നിയമനം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കോടതിക്കുതന്നെ നൽകുകയാണുണ്ടായത്. വീണ്ടും അത് പി.എസ്.സി.യെ ഏൽപ്പിക്കുന്നതിനോട് കോടതി യോജിക്കുമോ എന്നറിയില്ല. ഇതിൽ സംവരണ തത്വം പാലിക്കുന്നില്ല എന്ന ആക്ഷേപം കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സർക്കാർ ശ്രമിക്കുന്നതാണ്. കോടതികളിലെ സൗകര്യം വർദ്ധിപ്പിക്കണമെന്നത് പൊതുവായ ആവശ്യ മാണ്. കുടുംബ കോടതികളുടെ എണ്ണം വർദ്ധിപ്പിക്കാനും എം.എ.സി.ടി. യുടെ സിറ്റിംഗ് കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ എടുക്കേണ്ട തിന്റെ ആവശ്യകത ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ഫയർഫോഴ്സ് ജീവനക്കാരുടെ പ്രശ്നങ്ങൾ വളരെ അവഗണിക്കപ്പെട്ട സ്ഥിതിയിലാണ്. ഫയർഫോഴ്സിലെ എല്ലാ ഒഴിവുകളും നികത്തുന്നതാണ്. ഫയർമാൻ കോഴ്സ് പഠിപ്പിക്കുന്നതിന് സ്റ്റേറ്റ് ഗവൺമെന്റിന്റെ കീഴിൽ ഒരു പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ ആലോചിക്കുന്നുണ്ട്. തൃശ്ശൂരിലെ ഫയർഫോഴ്സ് അക്കാഡമിയുടെ പ്രവർത്തനം ഈ വർഷംതന്നെ തുടങ്ങുന്ന തിനുവേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. ജയിൽ വകുപ്പിനെക്കുറിച്ച്

മെമ്പർമാർ ഉന്നയിച്ച കാര്യങ്ങൾ പ്രത്യേകം പരിഗണിക്കുന്നതാണ്. ജയിലിൽ ജോലിചെയ്യുന്നവരുടെ വേതനം പരിഷ്ക്കരിക്കണമെന്നുള്ള അപേക്ഷ ജയിൽ വകുപ്പിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഈ വേതനം കാലോചിതമായി പരിഷ്ക്കരിക്കു ന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ചട്ടം അനുസരിച്ചു തന്നെയാണ് ഈ ഗവൺമെന്റ് പരോൾ നൽകിയത്. നിലവിലുള്ള പരോൾ ആക്ടും റൂളും പരിഷ്ക്കരി ക്കാൻ ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ട്. തടവുകാരുടെ എണ്ണം കൂടുതലായ തിനാൽ ജയിലുകളുടെ എണ്ണം വർദ്ധിപ്പിക്കണം. ചീമേനി ഓപ്പൺ ജയിലും 2 സബ് ജയിലുകളും പ്രവർത്തനയോഗ്യമാക്കും. ജയൽ വാർഡൻമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നാണ് നിയമിച്ചുവരുന്നത്. ഇത് അച്ചടക്കത്തെ പ്രതികൂലമായി ബാധിക്കുന്നതിനാൽ പോലീസിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതാണ്. പോലീസ് വകുപ്പിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന് വ്യക്തമായ ദിശാബോധമുണ്ട്. പോലീസ് സേനയെ ആധുനികവൽക്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കാനും കുറ്റാന്വേഷണ കാര്യത്തിൽ കൂടുതൽ നടപടി കൾക്ക് തുടക്കം കുറിക്കാനും ആലോചിച്ചിട്ടുണ്ട്. എൻ.സി. ചാറ്റർജി കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുള്ള വ്യക്തമായ തീരുമാനം എടുക്കുന്നതിന് പ്രതിപക്ഷത്തിന്റെ കൂടി സഹകരണം ആവശ്യമാണ്. 17 പോലീസ് സ്റ്റേഷ നുകളിൽ 8 മണിക്കൂർ ജോലിസമയം നടപ്പിലാക്കിയിട്ടുണ്ട്. ഇത് മറ്റ് സ്റ്റേഷനുകളിലും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതാണ്. വർഷങ്ങളോളം ഒരേ തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് പ്രൊമോഷൻ വേണമെന്നുള്ള പോലീസുകാരുടെ ദീർഘകാലത്തെ ആവശ്യം പരിഗണിച്ച് അതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുകയും 15-ഉം 23-ഉം വർഷം പൂർത്തിയാക്കിയ

എല്ലാ പോലീസുകാർക്കും യഥാക്രമം ഹെഡ് കോൺസ്റ്റബിൾ പദവിയും എ.എസ്.ഐ. പദവിയും കൊടുക്കാൻ തീരുമാനിക്കുകയുമുണ്ടായി. എല്ലാ പോലീസ് സ്റ്റേഷനിലും റിസപ്ഷൻ കൗണ്ടർ ഏർപ്പെടുത്തുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. റിസപ്ഷൻ കൗണ്ടർ ഇല്ലാത്ത പോലീസ് സ്റ്റേഷനുകളിൽ അത് ഉടൻ ഏർപ്പെടുത്തുന്നതാണ്. പോലീസ് സ്റ്റേഷനിൽ എത്തുന്ന പരാതി ക്കാരോട് മാന്യമായി പെരുമാറാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസുകാരുടെ പെരുമാറ്റത്തെക്കുറിച്ച് ഇതുവരെയും യാതൊരു പരാതിയുമുണ്ടായിട്ടില്ല. അങ്ങനെ പരാതിയുണ്ടായാൽ ഗവൺമെന്റ് അത് ഗൗരവമായിട്ടെടുക്കുന്ന താണ്. മൂന്ന് മാസത്തിലൊരിക്കൽ അതാതു ജില്ലാതല ജനപ്രതിനിധികളു മായി ആശയവിനിമയം നടത്തണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. കെട്ടിട മില്ലാത്ത പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടുപിടി ക്കാൻ അതാതു സ്ഥലത്തെ ജില്ലാ കളക്ടർമാരുടെയും എസ്.പി. മാരുടെയും യോഗം വിളിച്ചുകൂട്ടി നിർദ്ദേശം നൽകുകയും ഇക്കാര്യത്തിന് ഗവൺമെന്റ് പ്രത്യേകമായ പരിഗണന കൊടുക്കുന്നതുമാണ്. പോലീസുകാരുടെ സൗകര്യ ങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി പോലീസ് സ്റ്റേഷനോട് അനുബന്ധിച്ച് ബാരക് പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതാണ്. വാഹനങ്ങൾ പരിശോധി ക്കണ്ടെന്ന് നിർദ്ദേശം കൊടുത്തുവെന്ന വാർത്ത തെറ്റിദ്ധാരണജനകമാണ്. മദ്യം, സ്പിരിറ്റ് എന്നിവ കടത്തുന്നതും മോഷ്ടാക്കൾ സഞ്ചരിക്കുന്നതുമായ വാഹനങ്ങൾ പരിശോധിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. വരുമാനം ഉണ്ടാക്കാനെന്ന പേരിൽ മാസാവസാനം വാഹനങ്ങൾ തടഞ്ഞുനിറുത്തി റിക്കാർഡ് പരിശോധിക്കുന്ന ഏർപ്പാട് ഒഴിവാക്കാൻ പോലീസ് ഡിപ്പാർട്ട്മെന്റിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. മൂന്നാംമുറ പോലീസ് സ്റ്റേഷ

നിൽ എന്നല്ല ഒരു സ്ഥലത്തുവച്ചും പാടില്ല എന്നുള്ള ഗവൺമെന്റിന്റെ നിലപാടിനെതിരായി പ്രവർത്തിക്കുന്ന പോലീസുകാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്. ശാസ്ത്രീയമായ മാർഗ്ഗം സ്വീകരിച്ച് കുറ്റം തെളിയിക്കുന്ന രീതി നടപ്പിലാക്കും. തിരുവനന്തപുരം കൺട്രോൾ റൂമിൽനിന്നും പോകുന്ന എല്ലാ വാഹനങ്ങളുമായും ബന്ധപ്പെടാൻ സാധിക്കുന്ന സാറ്റലൈറ്റ് സംവിധാനം ഉണ്ടാക്കിക്കഴിഞ്ഞു. സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ അത് പിന്നീട് മറ്റ് സിറ്റികളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. പോലീസ് സ്റ്റേഷൻ ആധുനികവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതുവരെയും കമ്പ്യൂട്ടർവൽക്കരിക്കാത്ത പോലീസ് സ്റ്റേഷനുകളിൽ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര, നിയമ വകുപ്പുകളുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ 47 കേസുകൾ പിൻവലിച്ചിട്ടുണ്ട് ഇതിൽ ആക്ഷേപമുള്ള കേസ്സുകൾ ഉണ്ടെങ്കിൽ ഗവൺമെന്റ് അത് പരിശോധിക്കാം. കസ്റ്റഡി മരണം ഒരു കാരണവശാലും ഈ ഗവൺമെന്റ് അനുവദിക്കുകയില്ല, അത്തരം കേസുകളിൽ തക്ക സമയത്തുതന്നെ ആരോപണ വിധേയരായവരെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പോലീസിനെ കണ്ട് ഭയന്ന് ഓടി പുഴയിലോ മറ്റോ ചാടി മരണങ്ങൾ ഉണ്ടായിട്ടുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശനമായ നിലപാട് സ്വീകരിക്കുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള കസ്റ്റഡി മരണങ്ങളെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ ഹൈക്കോടതിയുടെ സിറ്റിംഗ് ജഡ്ജിയെ ആവശ്യപ്പെട്ടുവെങ്കിലും റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഹൈക്കോടതി

ഉത്തരവായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ജുഡീഷ്യൽ കമ്മീഷനുമായി ഗവൺമെന്റ് പൂർണ്ണമായി സഹകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.. കസ്റ്റഡി മരണമുണ്ടായാൽ ബന്ധപ്പെട്ട സ്ഥലത്തുള്ള ജുഡീഷ്യൽ മജിസ്ട്രേറ്റ് അന്വേഷിക്കണമെന്ന് സി.ആർ.പി.സി.-യിൽ വരുത്തിയ (176)-ാം ഭേദഗതി അടിസ്ഥാനമാക്കി കേരള പോലീസ് ആക്ടിലും കേരള പോലീസ് മാനുവലിലും ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്. പോലീസിന്റെ പ്രവർത്തനം നിർവീര്യമാക്കാൻ പ്രതിപക്ഷം നടത്തുന്ന ബോധപൂർവ്വമായ പ്രവർത്തനങ്ങളെ അംഗീകരിക്കാൻ കഴിയുകയില്ല. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ):</u> അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും സഹായധനം നൽകേണ്ടതാണെന്ന പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം പ്രതിപക്ഷത്തിരുന്നതിനുശേഷമുള്ള തീരുമാനമാണ്. ഉദയകുമാറിന്റെ കേസിൽ മാസങ്ങൾ കഴിഞ്ഞിട്ടും ഒരുപൈസയും കൊടുക്കാതെ വന്നപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇടപെട്ട് കേസ് നടത്തി ഉണ്ടായ കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് യു.ഡി.എഫ്. ഗവണ്മെന്റ് സഹായം കൊടുത്തത്. ആ കൊടുത്ത സഹായം അപര്യാപ്തമായിരുന്നതുകൊണ്ട് കുറച്ച് കാശ്കൂടി ഈ ഗവണ്മെന്റ് കൊടുത്തു. ആ കുടുംബത്തിന്റെ ഏകാവലംബമായ ഉദയകുമാർ മരിച്ചതിനുശേഷം ആ കുടുംബം എങ്ങനെ ജീവിക്കുന്നു എന്നുപോലും അന്നത്തെ ഗവണ്മെന്റ് ചിന്തിച്ചിരുന്നില്ല. ഈ ഗവണ്മെന്റ് വന്നതിനുശേഷം കസ്റ്റഡി മരണങ്ങൾ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണ റിപ്പോർട്ടിൽ എന്തുപറയുന്നു എന്നു നോക്കാതെതന്നെ അർഹതപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യമായത് ചെയ്യുന്നുണ്ട്.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ച് സഭ വിട്ട് പുറത്തു പോയി.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു

നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.